# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കരിമ്പുഴ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in

ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: നം.കെ.എസ്.എ-(പികെഡി) പി 12/1500/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 17/11/2023
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കരിമ്പുഴ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കരിമ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കരിമ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: നം.കെ.എസ്.എ-(പികെഡി) പി 12/1500/23 തീയ്യതി: 17/11/2023

## പാലക്കാട് ജില്ലയിലെ കരിമ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ കരിമ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 25-01-2023 മുതൽ 03-09-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2022 മുതൽ 31-03-2023 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 26 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 17 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| രാം മനോഹർ വി.കെ | ഡെപ്യൂട്ടി ഡയറക്ടർ | 04-09-2023 | 14-09-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 04-09-2023 | 14-09-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ബിജു ആന്റണി.യു. ഓഡിറ്റ് ഓഫീസർ

രാജിഷ.ആർ. സീനിയർ ഗ്രേഡ് ഓഡിറ്റർ

ഷെഹീർ.എസ്. സീനിയർ ഗ്രേഡ് ഓഡിറ്റർ

കന്തസ്വാമി.ഐ. ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ഉമ്മർ കുന്നത്ത് | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ. രാജ്കുമാർ. എസ് | സെക്രട്ടറി | 01-04-2022 | 21-09-2022 |
| ശ്രീ. സന്തോഷ് കുമാർ എം | സെക്രട്ടറി | 22-09-2022 | 01-10-2022 |
| ശ്രീ. രാജ്കുമാർ. എസ് | സെക്രട്ടറി | 02-10-2022 | 10-10-2022 |
| ശ്രീ. സന്തോഷ് കുമാർ എം | സെക്രട്ടറി | 11-10-2022 | 16-10-2022 |
| ശ്രീമതി. രേഖ ഫെർണാണ്ടസ് | സെക്രട്ടറി | 17-10-2022 | 22-12-2022 |
| ശ്രീ. സന്തോഷ് കുമാർ എം | സെക്രട്ടറി | 23-12-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. സന്തോഷ് കുമാർ എം | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 31-03-2023 |
| ശ്രീമതി. അമീറുന്നീസ പിലാത്തോടൻ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ഡോ. വിനീഷ് ബാബു | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| ഡോ. ശോഭ കെ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2022 | 31-03-2023 |
| ശ്രീമതി. ധന്യ കെ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി. ശശികല | ഹെഡ് മിസ്ട്രസ് | 01-04-2022 | 31-03-2023 |
| ശ്രീമതി. കണ്ണമ്മ യു ആർ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2022 | 06-08-2022 |
| ശ്രീമതി. സറീന | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 07-08-2022 | 31-12-2022 |
| ഒഴിവ് | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-01-2023 | 17-01-2023 |

| | | | |
|---|---|---|---|
| ശ്രീമതി. ചിത്ര | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 18-01-2023 | 31-01-2023 |
| ഡോ. ബൈജു.പി | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-04-2022 | 25-05-2022 |
| ഒഴിവ് | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 26-05-2022 | 09-06-2022 |
| ഡോ. അപർണ്ണ പി എസ് | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 10-06-2022 | 14-11-2022 |
| ഡോ. ഹണി റോസ് | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 15-11-2022 | 31-03-2023 |
| ശ്രീമതി. സുനിത എ | കൃഷി ഓഫീസർ | 01-04-2022 | 20-08-2022 |
| ഒഴിവ് | കൃഷി ഓഫീസർ | 21-08-2022 | 29-08-2022 |
| ശ്രീമതി. അർച്ചന സി | കൃഷി ഓഫീസർ | 30-08-2022 | 31-03-2023 |
| ശ്രീ. പ്രവീൺ കൃഷ്ണ | വി.ഇ.ഒ. | 01-04-2022 | 20-05-2022 |
| ശ്രീമതി. പ്രഭ കെ | വി.ഇ.ഒ. | 21-05-2022 | 20-08-2022 |
| ശ്രീ. അരുൺഘോഷ് ആർ | വി.ഇ.ഒ. | 21-08-2022 | 02-10-2022 |
| ശ്രീമതി. പ്രസന്ന വി | വി.ഇ.ഒ. | 03-10-2022 | 31-03-2023 |
| ഡോ.ശ്രീകുമാർ.കെ.ആർ. | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2022 | 21-06-2022 |
| ഒഴിവ് | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 22-06-2022 | 10-08-2022 |
| ഡോ.ഫൗസൽ റഹ്മാൻ.എസ്. | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 11-08-2022 | 10-11-2022 |
| ഡോ.വർഷ.വി.വി. | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 11-11-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-1 |
| 3 | ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല | 1-1-2 |
| 4 | വാർഷിക കണക്കുകളിലെ അസാധാരണ നീക്കിയിരിപ്പ് | 1-1-3 |
| 5 | ആസ്തി രജിസ്റ്റർ - ആസ്തികളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല | 1-1-4 |
| 6 | ബാങ്കിൽ നേരിട്ട് ക്രെഡിറ്റ് വന്ന തുക രസീത് നൽകി കണക്കിലെടുത്തില്ല | 1-1-5 |
| 7 | ചെക്ക് നിക്ഷേപിച്ചു - ബാങ്കിൽ ക്രെഡിറ്റ് ആയില്ല | 1-1-6 |
| 8 | വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള നീക്കിയിരിപ്പും ബാങ്ക് റീകൺസീലിയേഷൻ പത്രിക പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല | 1-1-7 |
| 9 | വാർഷിക കണക്കും രജിസ്റ്ററും പൊരുത്തമില്ല | 1-1-8 |
| 10 | ഇല്ലാത്ത അക്കൗണ്ടുകളുടെ മുന്നിരിപ്പ്, നീക്കിയിരുപ്പ് തുകകൾ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിരിക്കുന്നു | 1-1-9 |
| 11 | ബാധ്യതകൾ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-1-10 |
| 12 | വിവിധ ഗ്രാന്റുകൾ തിരിച്ചടക്കുകയോ ചെലവഴിക്കുകയോ ചെയ്തിട്ടില്ല | 1-1-11 |
| 13 | തൻവർഷത്തെ മുന്നിരിപ്പുകൾ മുൻവർഷത്തെ നീക്കിയിരുപ്പുമായി പൊരുത്തപ്പെടുന്നില്ല | 1-1-12 |
| 14 | ബജറ്റ് | 1-2 |
| 15 | സാമ്പത്തിക വിശകലനം | 1-3 |
| 16 | ഫണ്ട് വിനിയോഗം | 1-4 |
| 17 | പദ്ധതി അവലോകനം | 1-5 |
| 18 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 19 | ക്ഷേമ പദ്ധതികൾ | 1-7 |
| 20 | ക്യാഷ് പരിശോധന | 1-8 |
| 21 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 22 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 23 | ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രവർത്തനം - അവലോകനം | 1-11 |

| | | |
|---|---|---|
| 24 | ലൈസൻസ് - അപാകതകൾ | 1-12 |
| 25 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ - ലൈസൻസ് ഫീസ് നിശ്ചയിക്കുന്നത് ക്രമപ്രകാരമല്ല | 1-12-1 |
| 26 | ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു | 1-12-2 |
| 27 | ക്ലിയറൻസ് സർട്ടിഫിക്കറ്റ് ലഭ്യമാക്കാതെ ലൈസൻസ് അനുവദിക്കുന്നു | 1-12-3 |
| 28 | തൊഴിൽ നികുതി-അപാകതകൾ | 1-13 |
| 29 | സ്ഥാപന തൊഴിൽ നികുതി പിരിച്ചെടുത്തില്ല | 1-13-1 |
| 30 | ജീവനക്കാരുടെ തൊഴിൽ നികുതി പിരിച്ചിട്ടില്ല | 1-13-2 |
| 31 | സ്ഥാപന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല | 1-13-3 |
| 32 | തൊഴിൽ നികുതി -നടപടിക്രമങ്ങൾ പാലിക്കുന്നില്ല | 1-13-4 |
| 33 | വസ്തു നികുതി പരിഷ്കരണം-അവലോകനം | 1-14 |
| 34 | ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ (എൻ എച്ച് എം) - ഹോംകോയിൽ നിന്നും മരുന്നുകൾ ലഭ്യമായിട്ടില്ല | 1-15 |
| 35 | കോക്ലിയർ ഇംപ്ലാന്റേഷൻ - സാമൂഹ്യ സുരക്ഷ മിഷന് തുക കൈമാറൽ - വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ് | 1-16 |
| 36 | അങ്കണവാടി പോഷകാഹാരം - ജി എസ് ടി അധികം നൽകിയിരിക്കുന്നു | 1-17 |
| 37 | പകർച്ചവ്യാധി പ്രതിരോധ മരുന്ന് വാങ്ങൽ - അപാകങ്ങൾ | 1-18 |
| 38 | വൃദ്ധർക്ക് കട്ടിൽ - അപാകങ്ങൾ | 1-19 |
| 39 | വയോജന സംഗമം – വിതരണ രേഖകൾ ലഭ്യമാക്കേണ്ടതാണ് | 1-20 |
| 40 | ഗ്രാമപഞ്ചായത്ത് പി.ടി.എസ് തസ്തിക സ്ഥിരം നിയമനം നടത്തിയില്ല | 1-21 |
| 41 | പൗണ്ട് കീപ്പർ തസ്തികയിൽ ജോലി വിഭജനം നടത്തിയിട്ടില്ല,സർവീസ് റഗുലറൈസ് ചെയ്തിട്ടില്ല | 1-22 |
| 42 | എബിസി പ്രോഗ്രാം- വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ് | 1-23 |
| 43 | പൊതു ടാപ്പുകൾ വിച്ഛേദിക്കാൻ സ്വീകരിച്ച നടപടികളുടെ വിവരം | 1-24 |
| 44 | സാധനങ്ങൾ സമാഹരിച്ചത് മാർഗനിർദേശങ്ങൾക്ക് അനുസൃതമല്ല. ചെലവ് തുക തടസ്സപ്പെടുത്തുന്നു | 1-25 |
| 45 | ആവശ്യത്തിൽ അധികം സാധനങ്ങൾ വാങ്ങിയിരിക്കുന്നു.ചെലവ് തുക തടസ്സപ്പെടുത്തുന്നു | 1-26 |
| 46 | സബ്സിഡി മാർഗരേഖയിലെ നിബന്ധനകൾക്ക് വ്യത്യസ്തമായി ആനുകൂല്യങ്ങൾ അനുവദിച്ചിരിക്കുന്നു | 1-27 |
| 47 | ഇ-ടെൻണ്ടർ ഫീസ് ഇനത്തിൽ തുകകൾ പഞ്ചായത്തിന്റെ തനതുഫണ്ടിൽ യഥാസമയം അടവാക്കുന്നില്ല | 1-28 |
| 48 | റജിസ്റ്ററുകളിലെ രേഖപ്പെടുത്തലുകൾ ക്രമപ്രകാരമല്ല | 1-29 |

| | | |
|---|---|---|
| 49 | എൽ.എസ്. ജി.ഡി. ഓഫീസിലേക്ക് വാഹനം ലഭ്യമാക്കൽ - അധിക തുക അനുവദിച്ചിരിക്കുന്നു | 1-30 |
| 50 | പഞ്ചായത്തിന് വിട്ടു കിട്ടിയ സ്ഥലത്തിന്റെ വിവരം ആസ്തിരജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല, ഉടമസ്ഥാവകാശം കൈമാറിയിട്ടില്ല | 1-31 |
| 51 | വി.ഇ.ഒ നടപ്പിലാക്കിയ പദ്ധതികൾ-ബിൽ ഹാജരാക്കിയില്ല | 1-32 |
| 52 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി ആനുകൂല്യം വർഷം മുഴുവനും ലഭ്യമായില്ല | 1-33 |
| 53 | പദ്ധതി രൂപീകരണം -നിർവഹണം മോണിറ്ററിംങ്ങ് ചെലവുകൾ പദ്ധതി ലക്ഷ്യം വ്യതിചലിക്കുന്നു | 1-34 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| 1 | എൽ.എസ്. ജി.ഡി. ഓഫീസിലേക്ക് വാഹനം ലഭ്യമാക്കൽ - അധിക തുക അനുവദിച്ചിരിക്കുന്നു | 3-1 |
| **ഭാഗം 4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിശദാംശങ്ങൾ | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷിക കണക്കിന്റെ സംക്ഷിപ്ത പത്രികകൾ | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 5(1)/10.07.23 കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 22.07.2023 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോറങ്ങൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള കരിമ്പുഴ ഗ്രാമ പഞ്ചായത്തിന്റെ മാർച്ച് 2023 ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31-03-2023 തിയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായി വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളുടെയും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, കരിമ്പുഴ ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം: പാലക്കാട്

തീയതി: 17-11-2023

ഡെപ്യൂട്ടി ഡയറക്ടർ

## 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

വാർഷിക ധനകാര്യ പത്രികയിൽ അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ, അടിസ്ഥാന അനുപാതങ്ങൾ

എന്നിവ ഉൾപ്പെടുത്തിയിട്ടില്ല (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്).

### 1-1-2 ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല

വാർഷിക കണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല. ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 7018589.00 രൂപയാണ്.എന്നാൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 20832615.00 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

### 1-1-3 വാർഷിക കണക്കുകളിലെ അസാധാരണ നീക്കിയിരിപ്പ്

വാർഷിക കണക്ക് B-17 പ്രകാരം 450210102 Other Co-operative Bank എന്ന അക്കൗണ്ടിലെ 31.3.2023 ലെ നീക്കിയിരുപ്പ് -9237 രൂപയാണ്. ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ബാലൻസ് വന്നതിന്റെ കാരണം വ്യക്തമല്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 07/13.09.2023 ന് മറുപടി ലഭ്യമായില്ല.

### 1-1-4 ആസ്തി രജിസ്റ്റർ - ആസ്തികളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

### 1-1-5 ബാങ്കിൽ നേരിട്ട് ക്രെഡിറ്റ് വന്ന തുക രസീത് നൽകി കണക്കിലെടുത്തില്ല

STATE BANK OF INDIA-( 67291286793) അക്കൗണ്ടിന്റെ ബാങ്ക് റീകൺസീലിയേഷൻ പത്രിക പ്രകാരം "Directly Credited By Bank" എന്ന ഇനത്തിൽ 44104/- രൂപ ഉൾപ്പെടുത്തിയാണ് റീകൺസീലിയേഷൻ പത്രിക പൊരുത്തപ്പെടുത്തിയിരിക്കുന്നത്.ബാങ്കുമായി ബന്ധപ്പെട്ട് ഈ വരവ് പഞ്ചായത്തിന് അർഹതപ്പെട്ടതാണോയെന്ന് പരിശോധിച്ച് അത് ഉചിതമായ ശീർഷകത്തിൽ വരവ് വയ്ക്കേണ്ടതും കണക്കിലെടുക്കേണ്ടതുമാണ്.

### 1-1-6 ചെക്ക് നിക്ഷേപിച്ചു - ബാങ്കിൽ ക്രെഡിറ്റ് ആയില്ല

STATE BANK OF INDIA-( 67291286793) അക്കൗണ്ടിന്റെ ബാങ്ക് റീകൺസീലിയേഷൻ പത്രിക പ്രകാരം 5297/- രൂപ "Cheques Deposited But Not Credited" ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. അതിൽ ബാങ്കിൽ നിക്ഷേപിച്ചിട്ട് ഒരു മാസത്തിന് മുകളിലായിട്ടും ക്യാഷ് ചെയ്യാത്ത ചെക്കുകൾ ഉൾപ്പെടുന്നു.ബാങ്കുമായി ബന്ധപ്പെട്ട് തുക ക്രെഡിറ്റ് ചെയ്യപ്പെടാതിരുന്നതിന് കാരണം പരിശോധിച്ച് തുടർനടപടി സ്വീകരിക്കേണ്ടതാണ്.

### 1-1-7 വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള നീക്കിയിരിപ്പും ബാങ്ക് റീകൺസീലിയേഷൻ പത്രിക പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല

STATE BANK OF INDIA-( 67291286793) അക്കൗണ്ടിന്റെ ബാങ്ക് റീകൺസീലിയേഷൻ പത്രിക പ്രകാരം

855279/- രൂപയാണ് നീക്കിയിരിപ്പ്. എന്നാൽ വാർഷിക ധനകാര്യ പത്രിക പ്രകാരം ( Balance Sheet B-17) പ്രകാരം നീക്കിയിരിപ്പ് 855638/- രൂപയാണ്.

1-1-8 വാർഷിക കണക്കും രജിസ്റ്ററും പൊരുത്തമില്ല

ക്യാഷ് അടിസ്ഥാനത്തിൽ (അക്രൂവൽ അല്ലാതെ) രേഖപ്പെടുത്തുന്ന താഴെ ചേർത്തിരിക്കുന്ന ഇനങ്ങൾ അതാത് വരവ് രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

| ഇനം | ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൌണ്ട് പ്രകാരം വരുമാനമായി ചേർത്ത തുക | റസീറ്റ് & പേയ്മെന്റ് പത്രിക പ്രകാരം | രജിസ്റ്റർ പ്രകാരം കളക്ഷൻ |
|---|---|---|---|
| 140100102 – Registration Fee From Private Hospital & Paramedical Institutions | 400 | 400 | 300 |
| 110200102- Profession Tax Employees | 9,39,650 | 9,25,900 | 9,39,650 |

1-1-9 ഇല്ലാത്ത അക്കൗണ്ടുകളുടെ മുന്നിരിപ്പ്, നീക്കിയിരുപ്പ് തുകകൾ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിരിക്കുന്നു

താഴെ പറയുന്ന അക്കൗണ്ടുകൾ പഞ്ചായത്തിൽ നിലവിലില്ലാത്തതാണ്. എന്നാൽ ടി അക്കൗണ്ടുകളിൽ മുന്നിരിപ്പ്, നീക്കിയിരുപ്പ് തുകകൾ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

| ക്രമ നം. | അക്കൗണ്ട് നമ്പർ | 31.03.2023 ലെ നീക്കിയിരുപ്പ് |
|---|---|---|
| 1 | Co-Operative Bank Account Of Own Revenue Fund | -9237 |
| 2 | Nationalised Bank Account Of Own Revenue Fund | 9240 |

ഇല്ലാത്ത ബാങ്ക് അക്കൗണ്ടുകൾ വാർഷിക കണക്കിൽ നിന്ന് ഒഴിവാക്കേണ്ടതാണ്.

1-1-10 ബാധ്യതകൾ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല

താഴെ ചേർത്തിരിക്കുന്ന ബാലൻസ്ഷീറ്റ് പ്രകാരം ബി-17 പ്രകാരമുള്ള പ്രത്യകോദ്ദേശ്യ ബാങ്ക് അക്കൌണ്ടുകൾക്ക് തത്തുല്യമായ ബാധ്യതാ ശീർഷകം ബാലൻസ്ഷീറ്റ് ബി -4 ൽ കാണുന്നില്ല.

| ക്രമനമ്പർ | ശീർഷകം | ബാങ്ക് അക്കൌണ്ട് | തുക |
|---|---|---|---|
| 1 | 450210101 | STATE BANK OF TRAVANCORE-( 67253813715) | 3809 |

| | | | |
|---|---|---|---|
| 2 | 450210101 | KERALA GRAMIN BANK-( 40646101044630) | 2680 |

മേൽ പരാമർശിച്ച അക്കൗണ്ടിലെ തുകകൾ 2023-24 വർഷത്തിൽ ക്രമീകരിക്കേണ്ടതാണ്.

### 1-1-11 വിവിധ ഗ്രാന്റുകൾ തിരിച്ചടക്കുകയോ ചെലവഴിക്കുകയോ ചെയ്തിട്ടില്ല

B4 ഷെഡ്യൂൾ അനുസരിച്ച് ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് എന്നിവയിൽ നിന്നും ലഭിച്ചിട്ടുള്ള വിവിധ ഗ്രാന്റുകളുടെ ഹെഡിൽ താഴെ പറയുന്ന നീക്കിയിരിപ്പുണ്ട്. പദ്ധതികൾ നടപ്പാക്കാത്തപക്ഷം ബന്ധപ്പെട്ട ഏജൻസികൾക്ക് ഇത് തിരികെ നല്കേണ്ടതായിരുന്നു. ഈ തുകകൾ ഏതെല്ലാം പദ്ധതികളുടെ നീക്കിയിരുപ്പാണെന്നതിൽ വ്യക്തതയില്ല. പിന്നീട് ടി തുകകൾ ചെലവഴിച്ചിട്ടുണ്ടെങ്കിൽ രേഖകൾ ലഭ്യമാക്കേണ്ടതാണ്.

| ക്രമ നം. | കോഡ് | ഹെഡ് | നീക്കിയിരിപ്പ് തുക |
|---|---|---|---|
| 1 | 320700105 | Contributions For Joint Venture Projects (For Capital Expenditure) - From District Panchayats | 45250 |
| 2 | 320700204 | Contributions For Joint Venture Projects (For Revenue Expenditure) - From Block Panchayats | 28141 |
| 3 | 320700404 | Contributions For Other Specific Purposes (For Revenue Expenditure)- From Block Panchayats | 2478503 |
| 4 | 320700405 | Contributions For Other Specific Purposes (For Revenue Expenditure)- From District Panchayats | 1005419 |

### 1-1-12 തൻവർഷത്തെ മുന്നിരിപ്പുകൾ മുൻവർഷത്തെ നീക്കിയിരുപ്പുമായി പൊരുത്തപ്പെടുന്നില്ല

2021-22 വാർഷിക ധനകാര്യ പത്രികയിലെ RP 40-b പ്രകാരമുള്ള ക്യാഷ് ബാലൻസും ചില അക്കൗണ്ടുകളിലെ നീക്കിയിരുപ്പും 2022-23 വാർഷിക ധനകാര്യ പത്രികയിലെ RP 40-a മുന്നിരിപ്പുമായി പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ഇനം | 2021-22 ലെ RP 40-b പ്രകാരമുള്ള നീക്കിയിരുപ്പ് | 2022-23 ലെ RP 40-a പ്രകാരമുള്ള മുന്നിരിപ്പ് |
|---|---|---|---|
| 1 | ക്യാഷ് | 119882 | 128888 |

| | | | |
|---|---|---|---|
| 2 | KSCB OWN FUND (48) | 6264116 | 6264113 |
| 3 | Co-Operative Bank Account Of Own Revenue Fund | -234 | -9237 |

1-2 ബജറ്റ്

2022-23 വർഷത്തേക്കുള്ള പദ്ധതികൾ തയ്യാറാക്കാതെയും വികസന സെമിനാർ വിളിച്ച് ചേർക്കാതെയും മുൻ വർഷങ്ങളിലെ ബജറ്റ് വിഹിത പ്രകാരം പദ്ധതികൾ തയ്യാറാക്കിയിട്ടുള്ള ബജറ്റ് 24.03.2022ന് ചേർന്ന ഭരണ സമിതി യോഗത്തിലെ തീരുമാനം 1/1 പ്രകാരം അംഗീകരിച്ചിട്ടുണ്ട്. സ.ഉ (സാധാ) നം. 3291/2016/ തസ്വഭവ തിയ്യതി 02.12.2016 ഉത്തരവ് പ്രകാരം അംഗീകരിച്ച 'കേരളത്തിലെ ഗ്രാമപഞ്ചായത്തുകൾക്ക് ബഡ്ജറ്റ് തയ്യാറാക്കുന്നതിനുള്ള മാന്വൽ', 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 175, 214 എന്നിവ പ്രകാരം ബജറ്റ് തയ്യാറാക്കൽ സംബന്ധിച്ച് പാലിക്കേണ്ട നടപടിക്രമങ്ങൾ പാലിച്ച് ബജറ്റ് തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. 21.02.2023 ന് ചേർന്ന യോഗത്തിലെ തീരുമാനം 6/1 പ്രകാരം ബജറ്റ് റിവൈസ് ചെയ്തിട്ടുണ്ട്.

ബജറ്റ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 10525000 |
| തൻവർഷം വരവ് | 553376000 |
| ആകെ വരവ് | 563901000 |
| ചെലവ് | 557665200 |
| നീക്കിയിരിപ്പ് | 6235800 |

1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | ₹14715768 |
| വരവ് | ₹58102683 |
| ആകെ | ₹72818451 |
| ചെലവ് | ₹51084094 |
| നീക്കിയിരിപ്പ് | ₹21734357 |

1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സ് ആയ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ * | 0 | 22578785 | 22578785 | 19412383 | 3166402 |
| വികസന ഫണ്ട്-എസ്.സി.പി ** | 0 | 8124407 | 8124407 | 7998975 | 125432 |
| മെയിന്റനൻസ്, റോഡ് | 0 | 9528700 | 9528700 | 3486248 | 6042452 |
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 6388000 | 6388000 | 6372337 | 15663 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ടൈഡ് ഗ്രാന്റ്-ബാങ്ക് | 2056486 | 6697268 | 8753754 | 3630952 | 5122802 (ബാങ്കിൽ) |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻടൈഡ് ഗ്രാന്റ്- ട്രഷറി | 0 | 2874277 | 2874277 | 1404644 | 1469633 (ലാപ്സായി) |

| | | | | | | |
|---|---|---|---|---|---|---|
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ അൺടൈഡ്-ഗ്രാന്റ്- ബാങ്ക് | | 10352 | 4500866 | 4511218 | 3758818 | 752400 (ബാങ്കിൽ) |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ അൺടൈഡ്-ഗ്രാന്റ്- ട്രഷറി | | 0 | 351751 | 351751 | 349540 | 2211 (ലാപ്സായി) |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | ICDS | 606335 | 1732988 | 2339323 | 0 | 2339323 |
| പ്രത്യേകോദ്ദേശ്യ ഗ്രാന്റുകൾ | ശുചിത്വ മിഷൻ ഗ്രാന്റ് (Performance Based Incentive) | 2635515 | 179168 | 2814683 | 441650 | 2373033 |
| സംസ്ഥാനാവിഷ്കൃതം | ലൈഫ് മിഷൻ | 80000 | 0 | 80000 | 0 | 80000 |

(*) അങ്കണവാടി വർക്കേഴ്സിന്റെ പ്രതിഫലത്തുക, ലൈഫ് മിഷൻ വായ്പാ മുതൽ തിരിച്ചടവ് എന്നീ ജി.ഓ പ്രൊജക്ടുകളുടെ ചെലവ് തുകയായ 3026215 രൂപ മേൽ പട്ടികയിലെ വികസന ഫണ്ട് - ജനറൽ വരവിലും ചെലവിലും ഉൾപ്പെട്ടിട്ടില്ല.

(**) ലൈഫ് മിഷൻ വായ്പാ മുതൽ തിരിച്ചടവ് എന്ന ജി.ഓ പ്രൊജക്ടിന്റെ ചെലവ് തുകയായ 478593 രൂപ മേൽ പട്ടികയിലെ വികസന ഫണ്ട് - SCP വരവിലും ചെലവിലും ഉൾപ്പെട്ടിട്ടില്ല.

## 1-5 പദ്ധതി അവലോകനം

എ) ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രൊജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 198 | 105412485 | 174 | 60761884 | 0 | 24 | 87.88 |

ബി) വിവിധ നിർവഹണ ഉദ്യോഗസ്ഥർ അംഗീകാരം ലഭ്യമാക്കിയ പ്രൊജക്ടുകൾ നടപ്പിലാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ച പ്രൊജക്ടുകളുടെ എണ്ണം | അടങ്കൽ | നടപ്പിലാക്കി തുക ചെലവഴിച്ച പദ്ധതികളുടെ എണ്ണം | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 5 | 2836727 | 5 | 2836727 | 100 |
| വെറ്ററിനറി സർജൻ | 5 | 5674000 | 5 | 2315600 | 40.81 |
| മെഡിക്കൽ ഓഫീസർ - എഫ്.എച്ച്.സി | 12 | 4944680 | 12 | 4738367 | 95.83 |

| | | | | | |
|---|---|---|---|---|---|
| മെഡിക്കൽ ഓഫീസർ - ആയുർവേദം | 2 | 850000 | 2 | 850000 | 100 |
| വി.ഇ.ഒ | 19 | 31788880 | 16 | 9420036 | 26.63 |
| ICDS സൂപ്പർ വൈസർ | 7 | 6591500 | 7 | 4744734 | 71.98 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 1 | 1065000 | 1 | 1065000 | 100 |
| ഗ്രാമപഞ്ചായത്ത് സെക്രട്ടറി | 39 | 14756879 | 28 | 9608545 | 65.11 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 94 | 31770149 | 86 | 21079228 | 66.35 |
| ഹെഡ് മാസ്റ്റർ | 11 | 3106670 | 10 | 2444676 | 78.69 |
| അസിസ്റ്റന്റ് സെക്രട്ടറി | 3 | 2028000 | 2 | 1658971 | 81.30 |
| ആകെ | 198 | 105412485 | 174 | 60761884 | 57.64 |

അതത് സാമ്പത്തിക വർഷത്തിൽ തന്നെ പരമാവധി തുക ചെലവഴിക്കുന്ന വിധത്തിൽ പദ്ധതി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടതാണ്. മോണിറ്ററിംഗ് കാര്യക്ഷമമാക്കി പദ്ധതി പുരോഗതി വിലയിരുത്തി ഫണ്ട് വിനിയോഗം ഉറപ്പാക്കേണ്ടതാണ്.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 3167 | 1847742 | 1850909 | 1845922 | 4987 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | - | 46907428 | 46907428 | 46907428 | - |
| ആകെ | 3167 | 48755170 | 48758337 | 48753350 | 4987 |

## 1-7 ക്ഷേമ പദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ക്ഷേമ പദ്ധതി | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | കർഷക തൊഴിലാളി പെൻഷൻ | 8367700 | 661 |
| 2 | വാർദ്ധക്യകാല പെൻഷൻ | 27521100 | 2329 |
| 3 | വികലാംഗ പെൻഷൻ | 5983700 | 476 |
| 4 | 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ | 1705400 | 138 |

| | | | |
|---|---|---|---|
| | വനിതകൾക്കുള്ള പെൻഷൻ | | |
| 5 | വിധവാ പെൻഷൻ | 19348100 | 1549 |

## 1-8 ക്യാഷ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14.09.2023 ന് സ്ഥാപനത്തിലെ അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തി. 15354/- രൂപയുടെ (പതിനയ്യായിരത്തി മുന്നൂറ്റി അൻപത്തിനാല് രൂപ) വരവ് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിൽ കൈകാര്യം ചെയ്യുന്ന മുഴുവൻ വിഷയങ്ങളെയും അടിസ്ഥാനമാക്കി വിവിധ ഉത്തരവാദിത്തങ്ങൾ ജീവനക്കാർക്ക് ഓഫീസ് ഉത്തരവുകളിലൂടെ ഏൽപിച്ചിട്ടുണ്ട്.

എല്ലാ പേമെന്റുകളും ശരിയായ രീതിയിൽ വൗച്ചർ ചെയ്യപ്പെടുന്നുണ്ട്. വൗച്ചറിനോടൊപ്പം ബില്ലുകൾ സൂക്ഷിക്കുന്നുണ്ട്. ബുക്ക് ഓഫ് അക്കൗണ്ട്സും ബാങ്ക് ബാലൻസും തമ്മിൽ മാസാന്ത്യ/വർഷാന്ത്യ റീകൺസീലിയേഷൻ നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നുണ്ട്.

ഗ്രാമപഞ്ചായത്ത് ഉടമസ്ഥതയിലുള്ള ആസ്തികളുടെ സമഗ്രമായ വിവരങ്ങൾ രേഖപ്പെടുത്തുന്ന ആസ്തി റജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

പതിനാലാം പഞ്ചവത്സരപദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ (29.04.2022 ലെ സ.ഉ(കൈ)നം. 84/2022/തസ്വഭവ) ഖണ്ഡിക 14 പ്രകാരം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രൊജക്റ്റുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതും പദ്ധതി നടത്തിപ്പിലെ കാര്യക്ഷമത ഉറപ്പ് വരുത്തേണ്ടതുമാണ്.

അതത് സാമ്പത്തിക വർഷത്തിൽ തന്നെ പരമാവധി തുക ചെലവഴിക്കുന്ന വിധത്തിൽ പദ്ധതി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടതാണ്. ചെലവഴിക്കാത്ത ഗ്രാന്റുകൾ തുടർവർഷങ്ങളിൽ ലഭ്യമാവാത്ത സാഹചര്യത്തിൽ സർക്കാരിൽ നിന്നും ലഭിക്കുന്ന ഗ്രാന്റുകൾ പരമാവധി അതാത് വർഷങ്ങളിൽ തന്നെ ഉപയോഗപ്പെടുത്തി ഗ്രാമപഞ്ചായത്തിന്റെ വികസനം ത്വരിതപ്പെടുത്താൻ ഭരണസമിതി അംഗങ്ങളും സെക്രട്ടറിയും മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരും ജിവനക്കാരും ശ്രദ്ധിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

13.05.2011 മുതൽ 25.05.2011 വരെ നടന്ന അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റിൽ 2006-07 മുതൽ 2010-11 വർഷം വരെയുള്ള കണക്കുകൾ പരിശോധിച്ചിട്ടുണ്ട്. 23.12.2022 തീയതിയിൽ നടന്ന പെർഫോമൻസ് ഓഡിറ്റിൽ ഒക്ടോബർ/22, നവംബർ/22 എന്നീ മാസങ്ങൾ വരെയുള്ള കണക്കുകൾ പരിശോധിച്ചിട്ടുണ്ട്. ഗുരുതരമായ ക്രമക്കേടുകളൊന്നും മുൻ റിപ്പോർട്ടുകളിൽ ഉൾപ്പെട്ടിട്ടില്ല. പൊതുവായ പരാമർശങ്ങൾ തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

## 1-11 ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രവർത്തനം - അവലോകനം

1.ഗ്രാമപഞ്ചായത്തിന്റെ ധനകാര്യ സ്റ്റാൻഡിങ് കമ്മിറ്റി മിനുട്ട്സ് പരിശോധിച്ചതിൽ പുതിയ തനതു വരുമാന മേഖലകൾ സംബന്ധിച്ച നിർദ്ദേശങ്ങൾ ഒന്നും തന്നെ അവതരിപ്പിച്ചിട്ടില്ല എന്ന് ബോധ്യപ്പെട്ടു.
2.ബജറ്റിൽ നിർദ്ദേശിച്ചിട്ടുള്ള തനതു വരുമാനങ്ങൾ നിശ്ചിത സമയത്തിനകം സമാഹരിച്ചിട്ടുണ്ടെന്നും മുൻവർഷങ്ങളിലെയോ തന്നാണ്ടിലെയോ വരവിനങ്ങൾ സാമ്പത്തിക വർഷാവസാനത്തിൽ പിരിച്ചെടുക്കാൻ അവശേഷിക്കുന്നില്ലെന്നും ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പു വരുത്തിയിട്ടുള്ളതായി മിനുട്ട്സിൽ രേഖപ്പെടുത്തിയിട്ടില്ല.

നികുതി വരുമാനത്തിന്റെ ഡിസിബി സ്റ്റേറ്റ്മെന്റ് തയ്യാറാക്കി ഭരണസമിതി യോഗത്തിൽ സമർപ്പിക്കുകയോ പ്രസ്തുത റിപ്പോർട്ട് ഭരണസമിതി ചർച്ച ചെയ്യുകയോ ചെയ്യുന്നില്ല.
3.മാസംതോറും ഉള്ള വരവ് ചെലവ് കണക്കുകൾ ധനകാര്യ സ്റ്റാൻഡിങ് കമ്മിറ്റിയിൽ ചർച്ചചെയ്ത് അംഗീകരിച്ചുവരുന്നുണ്ട്.
4. 14.02.2023 ലെ തീരുമാനം(1)പ്രകാരം വസ്തുനികുതി പിരിവ് വർദ്ധിപ്പിക്കുന്നതിനും 100% പിരിവ് കൈവരിക്കുന്നതിനുമായി വാർഡ് ക്ലർക്ക്മാർക്ക് നിർദേശം നൽകിയിട്ടുണ്ട്.
5. 2022-23 സാമ്പത്തിക വർഷം സമ്പൂർണ്ണ നികുതി പിരിവ് കൈവരിക്കുന്നതിനും കുടിശ്ശിക നിവാരണത്തിനുമായി ക്യാമ്പ് സംഘടിപ്പിക്കൽ, നോട്ടീസ് ഉൾപ്പെടെയുള്ള പ്രചാരണ മാർഗ്ഗങ്ങൾ അവലംബിക്കൽ തുടങ്ങിയവ നടപ്പിലാക്കിയതായി കാണുന്നില്ല.

6. നികുതി കുടിശ്ശിക നിരീക്ഷിക്കുന്നതിനായി കുടിശ്ശിക രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.
7. സ. ഉ(കൈ) നം. 117/2022/LSGD /01.06.2022 നമ്പർ സർക്കാർ ഉത്തരവ് പ്രകാരം നികുതി പിരിവിന്റെയും നികുതിയിതര വരവിന്റെയും അവലോകനം മൂന്നുമാസത്തിലൊരിക്കൽ ഗ്രാമസഭകളിലും വാർഡ് മീറ്റിംഗുകളിലും അവതരിപ്പിക്കേണ്ടതാണെങ്കിലും നിലവിൽ ഇത്തരം അവലോകനങ്ങൾ നടത്തിവരുന്നില്ല.

ഓഡിറ്റ് നിർദ്ദേശം
1. പഞ്ചായത്തിന്റെ നികുതി, നികുതിയേതര വരവുകൾ യഥാവിധി പിരിച്ചെടുക്കുന്നത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മാസം തോറും പരിശോധിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതാണ്.
2. പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്താൻ അജണ്ട നിശ്ചയിച്ച് ചർച്ചകൾ നടത്താവുന്നതാണ്.

## 1-12 ലൈസൻസ് - അപാകതകൾ

1996 ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും) ലൈസൻസ് നൽകൽ ചട്ടങ്ങൾ, 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 232,233,234 236, GO(P) No 80/2017/LSGD Dt 31.10.2017 എന്നിവയിൽ നിഷ്കർഷിച്ചിട്ടുള്ള നിയമവ്യവസ്ഥകൾക്കും സർക്കാർ ഉത്തരവുകൾക്കും അനുസൃതമായി സൂക്ഷിക്കേണ്ടതായ രജിസ്റ്ററുകൾ, അനുബന്ധ രേഖകൾ, ലൈസൻസ് ഫീ പിരിവ്, പണം അടവാക്കൽ എന്നിവയുടെ കൃത്യത പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ തുടർ ഖണ്ഡികകളായി ചേർക്കുന്നു.

### 1-12-1 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ - ലൈസൻസ് ഫീസ് നിശ്ചയിക്കുന്നത് ക്രമപ്രകാരമല്ല

1996 ലെ കേരള പഞ്ചായത്ത് രാജ്(ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം സ്ഥാപനത്തിന്റെ മൂലധനത്തിന്റെ അടിസ്ഥാനത്തിലാണ് ലൈസൻസ് ഫീസ് നിശ്ചയിക്കേണ്ടത്. ലൈസൻസിനുള്ള അപേക്ഷകൾ പരിശോധിച്ചതിൽ മൂലധന നിക്ഷേപം രേഖപ്പെടുത്തുകയോ സ്ഥാപനങ്ങൾ ഉൽപാദനം, സേവനം എന്നീ മേഖലകളിൽ ഏതിലാണ് ഉൾപ്പെടുന്നതെന്നോ തരം ഏതാണെന്നോ (മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ്) രേഖപ്പെടുത്തിയതായി കാണുന്നില്ല. മൂലധന നിക്ഷേപം രേഖപ്പെടുത്താതെ ലൈസൻസ് ഫീസ് നിശ്ചയിച്ചത് എപ്രകാരമെന്ന് വ്യക്തമല്ല.

### 1-12-2 ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

1996-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 4 പ്രകാരം പഞ്ചായത്ത് പ്രദേശത്തിനുള്ളിൽപ്പെട്ട യാതൊരു സ്ഥലവും ഈ ചട്ടത്തിലെ 1-ാം പട്ടികയിൽ പറഞ്ഞിട്ടുള്ള ഏതെങ്കിലും ഒന്നോ അതിൽ കൂടുതലോ ആവശ്യങ്ങൾക്ക് പ്രസിഡന്റ് നൽകുന്ന ലൈസൻസ് കൂടാതെയും അതിൽ പറഞ്ഞിട്ടുള്ള വ്യവസ്ഥകൾക്കനുസൃതമല്ലാതെയും ഉപയോഗിക്കുവാൻ പാടില്ലാത്തതാണ്.

പഞ്ചായത്തിലെ 18 വാർഡുകളിലും ലൈസൻസ് ബാധകമായ സ്ഥാപനങ്ങളുടെ വാർഡ് അടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടുള്ള ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം പഞ്ചായത്തിൽ 385 സ്ഥാപനങ്ങളാണ് ഉള്ളത്. എന്നാൽ ലൈസൻസ് രജിസ്റ്റർ പ്രകാരം 2022-23 സാമ്പത്തിക വർഷം 312 സ്ഥാപനങ്ങൾക്കാണ് ലൈസൻസ് അനുവദിച്ചിട്ടുള്ളത്. ലൈസൻസില്ലാതെ 73 സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതായി കാണുന്നു. ഇവയ്ക്കെതിരെ ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

### 1-12-3 ക്ലിയറൻസ് സർട്ടിഫിക്കറ്റ് ലഭ്യമാക്കാതെ ലൈസൻസ് അനുവദിക്കുന്നു

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് പട്ടിക 3പ്രകാരം മൃഗങ്ങളുടെ കശാപ്പ്, മാംസം, മൽസ്യം, എളുപ്പത്തിൽ കേടുവരുന്ന മറ്റ് ഭക്ഷ്യവസ്തുക്കൾ എന്നിവയുടെ വിൽപ്പന മുതലായവ നിയന്ത്രിക്കുക, ഭക്ഷണശാലകളെ നിയന്ത്രിക്കുക, ഭക്ഷണത്തിൽ മായം ചേർക്കുന്നത് തടയുക എന്നിവ ഗ്രാമ പഞ്ചായത്തുകളുടെ അനിവാര്യ ചുമതലകളിൽപ്പെടുന്നവയാണ്. 1996-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പട്ടിക 5 ൽ ക്ലിയറൻസ് ആവശ്യമായ വ്യവസായങ്ങളായി ഭക്ഷ്യോല്പന്നങ്ങൾ നിർമ്മിക്കുന്നവയെയും ഉൾപ്പെടുത്തിയിട്ടുണ്ട്. ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ ഭക്ഷ്യോല്പന്നങ്ങൾ നിർമ്മിക്കുന്ന സ്ഥാപനങ്ങൾക്ക് ക്ലിയറൻസ് ലഭ്യമാക്കാതെയാണ് ലൈസൻസ് അനുവദിച്ചിട്ടുള്ളത് എന്ന് കാണുന്നു. ഏതാനും സ്ഥാപനങ്ങളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം | ലൈസൻസ് രജിസ്റ്ററിലെ ക്രമ നം. | സ്ഥാപനത്തിന്റെ പേര് |
|---|---|---|
| 1 | 278 | പ്രിയ ഹോട്ടൽ |
| 2 | 209 | തനിമ കാറ്ററിംഗ് സർവീസ് |
| 3 | 210 | മണീസ് കാറ്ററിംഗ് |
| 4 | 137 | ചപ്പാത്തി കമ്പനി & ന്വഹർ കാറ്ററിംഗ് |
| 5 | 183 | നന്മ ജനകീയ ഹോട്ടൽ |
| 6 | 187 | ബിസ്മി ഹോട്ടൽ |
| 7 | 189 | സിറ്റി ഹോട്ടൽ |
| 8 | 44 | സി.എം. ഹോട്ടൽ |
| 9 | 27 | ശ്രീ. മുത്തപ്പൻ ഹോട്ടൽ |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (22/14.09.23) മറുപടി ലഭിച്ചിട്ടില്ല. നിയമ പ്രകാരമുള്ള നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### 1-13 തൊഴിൽ നികുതി-അപാകതകൾ

2022-23 വർഷത്തിലെ തൊഴിൽ നികുതി പിരിച്ചെടുക്കുന്നതു സംബന്ധിച്ച രേഖകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ തുടർ ഖണ്ഡികകളായി ചുവടെ ചേർക്കുന്നു.

### 1-13-1 സ്ഥാപന തൊഴിൽ നികുതി പിരിച്ചെടുത്തില്ല

1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിലെ വകുപ്പ് 204, 205 പ്രകാരം ഒരു പഞ്ചായത്ത് പ്രദേശത്ത് ഒരു അർധവർഷത്തിൽ മൊത്തം അറുപത് ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുന്ന സ്ഥാപനത്തിലെയും പഞ്ചായത്ത് പ്രദേശത്തിനുള്ളിലോ പഞ്ചായത്ത് പ്രദേശത്ത് താമസിച്ചുകൊണ്ട് അതിനു വെളിയിലോ ഒരു തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ

ബിസിനസ്സ് നടത്തുകയോ പൊതുവോ സ്വകാര്യമായോ ഉദ്യോഗം വഹിക്കുന്നതോ ആയ ഏതൊരാളുടെയും മേൽ തൊഴിൽ നികുതി ചുമത്താവുന്നതാണ്. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ, റിട്ടേൺസ് എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല എന്ന് കണ്ടെത്തി.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | കാലയളവ് (അർദ്ധവർഷം) | ഈടാക്കാവുന്ന പരമാവധി തുക | റിമാർക്സ് |
|---|---|---|---|---|
| 1 | കല്ലിക്കിലിയാട് സർവീസ് സഹകരണ ബാങ്ക് 4 ബ്രാഞ്ചുകൾ | 1 | 5000 (4x1250) (ഒന്നാം അർദ്ധവർഷം) | 2nd Half 4x1250=5000 അടവാക്കിയിട്ടുണ്ട്. |
| 2 | ബി.എസ്.എൻ.എൽ | 1 & 2 | 2500 (ഒന്നും രണ്ടും അർദ്ധവർഷം) | - |
| 3 | ചീരക്കുഴി റബർ നഴ്സറി | 1 & 2 | 2500 (ഒന്നും രണ്ടും അർദ്ധവർഷം) | - |
| 4 | ചീരക്കുഴി യംഗ് ബഡ് റബർ നഴ്സറി | 1 & 2 | 2500 (ഒന്നും രണ്ടും അർദ്ധവർഷം) | - |
| 5 | ക്ഷീര സഹകരണസംഘം (ചാഴിയോട്) | 1 &2 | 2500 (ഒന്നും രണ്ടും അർദ്ധവർഷം) | - |
| 6 | ക്ഷീര സഹകരണസംഘം (പൊമ്പ്ര) | 1 &2 | 2500 (ഒന്നും രണ്ടും അർദ്ധവർഷം) | - |
| 7 | ക്ഷീര സഹകരണസംഘം (കുന്നക്കാട്) | 1 &2 | 2500 (ഒന്നും രണ്ടും അർദ്ധവർഷം) | - |
| 8 | ക്ഷീര സഹകരണസംഘം (കുന്നത്ത് പീടിക) | 1 &2 | 2500 (ഒന്നും രണ്ടും അർദ്ധവർഷം) | - |
| 9 | ക്ഷീര സഹകരണസംഘം (എളമ്പുലാശ്ശേരി) | 1 &2 | 2500 (ഒന്നും രണ്ടും അർദ്ധവർഷം) | - |
| 10 | ക്ഷീര സഹകരണസംഘം (കരിമ്പുഴ) | 1 &2 | 2500 (ഒന്നും രണ്ടും അർദ്ധവർഷം) | - |
| 11 | ക്ഷീര സഹകരണസംഘം | 1 &2 | 2500 (ഒന്നും രണ്ടും | - |

| | | | | |
|---|---|---|---|---|
| | (കാരാകുറുശ്ശി) | | അർദ്ധവർഷം) | |
| 12 | എൻ.എം. ഫ്യുവൽസ് | 1 &2 | 2500 (ഒന്നും രണ്ടും അർദ്ധവർഷം) | - |
| 13 | എസ് & എസ് ഭാരത് ഗ്യാസ് | 1 &2 | 2500 (ഒന്നും രണ്ടും അർദ്ധവർഷം) | - |
| | | ആകെ | 35000/- | |

മേൽ വിവരിച്ച സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

1-13-2 ജീവനക്കാരുടെ തൊഴിൽ നികുതി പിരിച്ചിട്ടില്ല

താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | കാലയളവ് (അർദ്ധവർഷം) | റിമാർക്സ് |
|---|---|---|---|
| 1 | ക്ഷീര സഹകരണസംഘം (ചാഴിയോട്) | 1 &2 | - |
| 2 | ക്ഷീര സഹകരണസംഘം (പൊമ്പ്ര) | 1 &2 | - |
| 3 | ക്ഷീര സഹകരണസംഘം (കുന്നക്കാട്) | 1 &2 | - |
| 4 | ക്ഷീര സഹകരണസംഘം (കുന്നത്ത് പീടിക) | 1 &2 | - |
| 5 | ക്ഷീര സഹകരണസംഘം (എളമ്പുലാശ്ശേരി) | 1 &2 | - |
| 6 | ക്ഷീര സഹകരണസംഘം (കരിമ്പുഴ) | 1 &2 | - |
| 7 | ക്ഷീര സഹകരണസംഘം (കാരാകുറുശ്ശി) | 1 &2 | - |
| 8 | എൻ.എം. ഫ്യുവൽസ് | 1 &2 | ലൈസൻസ് രജിസ്റ്റർ |

| | | | |
|---|---|---|---|
| | | | പ്രകാരം 8 ജീവനക്കാർ പ്രവർത്തിക്കുന്നു. |
| 9 | എസ് & എസ് ഭാരത് ഗ്യാസ് | 1 &2 | ലൈസൻസ് രജിസ്റ്റർ പ്രകാരം 5 ജീവനക്കാർ പ്രവർത്തിക്കുന്നു. |

ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കി അറിയിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 23/14.09.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

1-13-3 സ്ഥാപന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

1994 ലെ കേരളപഞ്ചായത്ത് രാജ് ആക്റ്റ് വകുപ്പ് 205 ഐ പ്രകാരം സെക്രട്ടറി, ഓരോ സ്ഥാപനത്തിനും പ്രത്യേക പേജുകൾ അനുവദിച്ചുകൊണ്ട് വാർഡ് തിരിച്ചുള്ള ഒരു ഡിമാന്റ് രജിസ്റ്റർ, ഒന്നോ അതിലധികമോ വർഷത്തേക്കായി സൂക്ഷിക്കേണ്ടതുമാണ്. കൂടാതെ പഞ്ചായത്തിലുള്ള നികുതി ഒടുക്കുവാൻ ബാധ്യസ്ഥരായ മുഴുവൻ സ്ഥാപനങ്ങളുടെയും പേര്, മറ്റ് വിവരങ്ങൾ ഉൾകൊള്ളിച്ചുകൊണ്ട് ഒരു സ്ഥാപന രജിസ്റ്റർ സൂക്ഷിക്കേണ്ടതുമാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഇത്തരം സ്ഥാപന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. 1996-ലെ കേരള പഞ്ചായത്ത്രാജ് (തൊഴിൽ നികുതി ) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം അറുപത് ദിവസത്തിൽ കുറയാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും ടേൺ ഓവറിന്റെ അടിസ്ഥാനത്തിൽ തൊഴിൽനികുതി ഈടാക്കാവുന്നതാണ്. പഞ്ചായത്തിന് കീഴിൽ പ്രവർത്തിക്കുന്ന വ്യാപാരസ്ഥാപനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കിയിട്ടില്ലാത്തതിനാൽ വ്യാപാരികളുടെ തൊഴിൽ നികുതി/ സ്ഥാപന തൊഴിൽ നികുതി കൃത്യമായി ഡിമാന്റ് ചെയ്യപ്പെട്ടിട്ടുണ്ടോയെന്ന് പരിശോധിക്കാനോ വ്യാപാരികളുടെ തൊഴിൽ നികുതി ഇനത്തിലെ വരവിന്റെ കൃത്യത പരിശോധിച്ചുറപ്പിക്കാനോ കഴിഞ്ഞിട്ടില്ല. നിയമപ്രകാരമുള്ള സ്ഥാപന രജിസ്റ്റർ തയ്യാറാക്കി വിവരം അറിയിക്കേണ്ടതാണ്.

1-13-4 തൊഴിൽ നികുതി -നടപടിക്രമങ്ങൾ പാലിക്കുന്നില്ല

1996 ലെ കേരള പഞ്ചായത്ത് രാജ്(തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 13 പ്രകാരം (വകുപ്പ് 205ബി) സെക്രട്ടറിയ്ക്ക് നോട്ടീസ് മൂലം ഏതെങ്കിലും ഹോട്ടലിന്റേയോ, ബോർഡിംഗിന്റേയോ, ലോഡ്ജിംഗ് ഹൗസിന്റേയോ, ക്ലബ്ബിന്റേയോ നടത്തിപ്പുകാരോട് താമസക്കാരുടെ തൊഴിൽ, കല മുതലായവയുടെ വിവരം ആവശ്യപ്പെടാവുന്നതാണ്. ചട്ടം 14 പ്രകാരം തൊഴിലുടമയോടോ, അവരുടെ പ്രതിനിധികളോടോ ജീവനക്കാരുടെ പേരുവിവരം രണ്ടാം നമ്പർ ഫോറത്തിൽ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് ഒന്നാം നമ്പർ ഫോറത്തിൽ നോട്ടീസ് നല്കേണ്ടതാണ്. (വകുപ്പ് 205 സി) ചട്ടം 16 പ്രകാരം തൊഴിലുടമകളോട് ജീവനക്കാരുടെ വരുമാനത്തേയോ, ശമ്പളത്തേയോ സംബന്ധിച്ച വിവരം ആവശ്യപ്പെടേണ്ടതും തുടർന്ന് വിവിധ നടപടിക്രമങ്ങൾ പാലിച്ച് ചട്ടം 18 പ്രകാരം തൊഴിൽ നികുതി ഡിമാന്റ് ചെയ്യേണ്ടതുമാണ്. എന്നാൽ മേൽ നടപടിക്രമങ്ങൾ പാലിക്കപ്പെട്ടിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.23/14.09.2023) മറുപടി ലഭിച്ചിട്ടില്ല. പഞ്ചായത്ത്രാജ് നിയമത്തിലേയും, 1996ലെ തൊഴിൽ നികുതി ചട്ടങ്ങളിലേയും വ്യവസ്ഥകൾ പാലിച്ച് തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. തുടർവിവരം അറിയിക്കേണ്ടതാണ്.

1-14 വസ്തു നികുതി പരിഷ്കരണം-അവലോകനം

തദ്ദേശസ്വയംഭരണവകുപ്പിന്റെ 22.03.2023 ലെ സ.ഉ.(കൈ)77/23/എൽഎസ്ജിഡി നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിലെ കെട്ടിടങ്ങൾക്ക് അടിസ്ഥാന വസ്തു നികുതി നിരക്കുകൾ പുതുക്കി

നിശ്ചയിച്ച് 02.05.2023 ലെ 6(1) നമ്പർ കമ്മിറ്റി തീരുമാനപ്രകാരം 16.06.23 ന് കരട് വിജ്ഞാപനം ചെയ്ത് ആക്ഷേപം സ്വീകരിച്ചിട്ടുള്ളതാണ്. 07.08.2023ലെ 2(1) നമ്പർ തീരുമാനപ്രകാരം കരട് അന്തിമമാക്കിയിട്ടുണ്ട്.
വസ്തു നികുതി പരിഷ്കരണം സംബന്ധിച്ച് സോഫ്റ്റ്‌വെയർ അപ്ഡേഷനോ ഡാറ്റാ പ്യൂരിഫിക്കേഷനോ നടത്തി ഡാറ്റാ ലോക്ക് ചെയ്തിട്ടില്ലാത്തതാണ്. സോഫ്റ്റ്‌വെയർ അപ്ഡേഷൻ നടപടി പൂർത്തീകരിക്കാത്തതിനാൽ നിലവിലെ നിരക്കിൽ നികുതി ഈടാക്കി വരുന്നു.
വിവരശേഖരണം, ഡാറ്റാ എൻട്രി എന്നിവയ്ക്കായി നിശ്ചിത യോഗ്യതയുള്ളവരെ നിയമിക്കാവുന്നതും ഒരു വീടിന് 30 രൂപ നിരക്ക് അനുവദിക്കാവുന്നതുമാണ്. ഇതിനായുള്ള നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്.
2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 7 ൽ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം മേഖലകളെ സംബന്ധിച്ച വിവരങ്ങൾ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. റോഡ് മാപ്പ് തയ്യാറാക്കാത്തതിനാൽ വഴിസൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള നികുതി വർദ്ധനവ്, ഇളവ് എന്നിവ പരിശോധിക്കുന്നതിന് സാധിച്ചില്ല. ചട്ടപ്രകാരമുള്ള തുടർനടപടി സ്വീകരിച്ച് വസ്തുനികുതി പരിഷ്കരണം ത്വരിതപ്പെടുത്തേണ്ടതാണ്.

സേവന ഉപനികുതി

പഞ്ചായത്ത് നൽകുന്ന വിവിധ സേവനങ്ങൾക്കുള്ള സേവന ഉപനികുതി (ജലവിതരണം, ശുചിത്വ പരിപാലനം, തെരുവുവിളക്കുകൾ, ഡ്രൈനേജ് തുടങ്ങിയവ) നിലവിൽ ചുമത്തുകയും പിരിച്ചെടുക്കുകയും ചെയ്യുന്നില്ല. ആയതിനുള്ള സാധ്യത ഭരണ സമിതിപരിശോധിച്ച് തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-15 ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ (എൻ എച്ച് എം) - ഹോംകോയിൽ നിന്നും മരുന്നുകൾ ലഭ്യമായിട്ടില്ല

| | |
|---|---|
| പ്രൊജക്ട് നം., പേര് | 29/23, ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ (എൻ എച്ച് എം) |
| അടങ്കൽ | 100000 രൂപ (മെയിന്റനൻസ് ഫണ്ട് - റോഡിതരം) |
| ചെലവ് | ബിൽ നം. 19/22-23/13.12.2022 – 100000 രൂപ |
| നിർവഹണം | മെഡിക്കൽ ഓഫീസർ (പി എച്ച് സി) |

ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ പദ്ധതി പ്രകാരം 100000/- രൂപ (പ്രൊഫോർമ ഇൻവോയ്സ് നം. PF-847/21.11.2022) ഹോംകോയുടെ അക്കൗണ്ടിലേക്ക് (നം. 34306403911, എസ്.ബി.ഐ) മാറി നൽകിയിട്ടുണ്ട്. എന്നാൽ ഹോംകോയിൽ നിന്നും നാളിതുവരെ 34362 രൂപയുടെ മരുന്നുകൾ (ഇൻവോയ്സ് നം. LF-679/26.07.2023) മാത്രമാണ് ലഭിച്ചിട്ടുള്ളത്. ബാക്കിയുള്ള 65638 രൂപയുടെ മരുന്നുകൾ ലഭ്യമാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള മേൽ നടപടികളുടെ വിവരം അറിയിക്കുവാനായി ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 08/12.09.2023) മരുന്നുകൾ ലഭ്യമാകുന്നതിനായി ഹോംകോയ്ക്ക് കത്ത് നൽകിയിട്ടുണ്ടെന്നും ലഭിക്കുന്ന മുറയ്ക്ക് ഓഡിറ്റിനെ അറിയിക്കുന്നതാണെന്നുമുള്ള മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

പ്രൊഫോർമ ഇൻവോയ്സ് പ്രകാരമുള്ള മരുന്നുകൾ ഹോംകോയിൽ നിന്നും ലഭ്യമാക്കി വിവരം ഒറിജിനൽ ഇൻവോയ്സുകൾ, മരുന്ന് സ്റ്റോക്കിലെടുത്തിട്ടുള്ള സ്റ്റോക്ക് രജിസ്റ്റർ എന്നിവയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-16 കോക്ലിയർ ഇംപ്ലാന്റേഷൻ - സാമൂഹ്യ സുരക്ഷ മിഷന് തുക കൈമാറൽ - വിനിയോഗ

വിവരം ലഭ്യമാക്കേണ്ടതാണ്

| പ്രൊജക്ട് നം., പേര് | 160/23, കോക്ലിയർ ഇംപ്ലാന്റേഷൻ - ജനറൽ | 161/23, കോക്ലിയർ ഇംപ്ലാന്റേഷൻ - എസ് സി പി |
|---|---|---|
| അടങ്കൽ | 50000 രൂപ (വികസന ഫണ്ട് - ജനറൽ) | 50000 രൂപ (വികസന ഫണ്ട് - എസ് സി പി) |
| ചെലവ് | ബിൽ നം. 17/22-23 /29.03.2023, 50000 രൂപ | ബിൽ നം. 18/22-23 /29.03.2023, 50000 രൂപ |
| നിർവഹണം | ഐ സി ഡി എസ് സൂപ്പർവൈസർ | |

മേൽ പദ്ധതികൾ പ്രകാരം ഒരു കുട്ടിക്ക് 50000 രൂപ നിരക്കിൽ രണ്ട് കുട്ടികൾക്ക് (1. മുഹമ്മദ് ഇർഫാൻ, വട്ടത്തൊടി ഹൗസ്, 2. ഷാരോൺ, തേലക്കാട് ഹൗസ്) കോക്ലിയർ ഇംപ്ലാന്റേഷൻ അനന്തര സഹായം ലഭ്യമാക്കുന്നതിനായി നിർവഹണ ഏജൻസിയായ കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ അക്കൗണ്ടിലേക്ക് (നം. 70101140000134) 100000/- രൂപ മാറി നൽകിയിട്ടുണ്ട്. എന്നാൽ തുക വിനിയോഗിച്ചതിന്റെ വിശദാംശങ്ങൾ കേരള സാമൂഹ്യ സുരക്ഷാ മിഷനിൽ നിന്നും വാങ്ങി ഫയലിൽ സൂക്ഷിച്ചിട്ടില്ല. ആയത് പരിശോധനയ്ക്ക് ലഭ്യമാക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 12/13.09.2023) തുക വിനിയോഗിച്ചതിന്റെ വിശദാംശങ്ങൾ കേരള സാമൂഹ്യ സുരക്ഷാ മിഷനിൽ നിന്നും ലഭ്യമാക്കി അറിയിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

1. കോക്ലിയർ ഇംപ്ലാന്റേഷൻ അനന്തര സഹായം വിനിയോഗിച്ചതിന്റെ വിശദാംശങ്ങളടങ്ങിയ സാക്ഷ്യപത്രം കേരള സാമൂഹ്യ സുരക്ഷാ മിഷനിൽ നിന്നും ലഭ്യമാക്കി അറിയിക്കേണ്ടതാണ്.

2. പദ്ധതി പ്രകാരം ഗുണഭോക്താക്കൾക്ക് ആനുകൂല്യം ലഭിച്ചിട്ടുണ്ടെന്ന് മേണിറ്ററിംഗ് കമ്മിറ്റികൾ പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതും, മോണിറ്ററിംഗ് റിപ്പോർട്ട് പദ്ധതികളുടെ ഫയലിൽ സൂക്ഷിക്കുകയും ചെയ്യേണ്ടതാണ്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-17 അങ്കണവാടി പോഷകാഹാരം - ജി എസ് ടി അധികം നൽകിയിരിക്കുന്നു

അങ്കണവാടി പോഷകാഹാരം പദ്ധതിയുടെ ഭാഗമായി 2022 ഓഗസ്റ്റിൽ 27 അങ്കണവാടികൾക്ക് മോണിംഗ് സ്നാക്സ് വിതരണം ചെയ്തതിന് നക്ഷത്ര അമൃതം ഫുഡ്സ്, നൊട്ടമ്മല എന്ന സ്ഥാപനത്തിന് ഇൻവോയിസ് നം. 536/22.08.2022 പ്രകാരം 5460 രൂപ അനുവദിച്ചിട്ടുണ്ട് (ബിൽ നം. 04/22-23 /17.09.2022). എന്നാൽ പരിശോധനയിൽ ജി എസ് ടി ഇനത്തിൽ താഴെ പറയും പ്രകാരം അധികം തുക നൽകിയതായി കാണുന്നു.

| വിശദാംശം | അനുവദിച്ച തുക | അനുവദിക്കാവുന്ന തുക | അധികം നൽകിയ തുക |
|---|---|---|---|
| മോണിംഗ് സ്നാക്സ് 52 പായ്ക്കറ്റ്, ഒന്നിന്റെ വില | 3640 | 3640 | - |

| | | | |
|---|---|---|---|
| 70 രൂപ | | | |
| ജി എസ് ടി 5% | 1820 | 182 | 1638 |

മേൽ പ്രകാരം ജി എസ് ടി അധികം നൽകുവാനുള്ള കാരണം അറിയിക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 11/13.09.2023) സ്ഥാപനത്തിന് നൽകുവാനുള്ള അടുത്ത ബില്ലിൽ ക്രമീകരിച്ച് നൽകുന്നതാണെന്നുള്ള മറുപടി നൽകിയിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

ഇൻവോയ്സ് നം. 536/22.08.2022 പ്രകാരം ജി എസ് ടി ഇനത്തിൽ അധികമായി നൽകിയ 1638/- രൂപ സ്ഥാപനത്തിന് നൽകുവാനുള്ള അടുത്ത ബില്ലിൽ ക്രമീകരിക്കുകയോ അല്ലെങ്കിൽ തിരികെ ഈടാക്കുകയോ ചെയ്ത് വിവരം ഓഡിറ്റിനെ അറിയിക്കുന്നതുവരെ അധികമായി നൽകിയ 1638/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-18 പകർച്ചവ്യാധി പ്രതിരോധ മരുന്ന് വാങ്ങൽ - അപാകങ്ങൾ

| | |
|---|---|
| പ്രൊജക്ട് നം., പേര് | 165/23, പകർച്ചവ്യാധി പ്രതിരോധ മരുന്ന് വാങ്ങൽ |
| അടങ്കൽ | 50000 രൂപ (മെയിന്റനൻസ് ഫണ്ട് (റോഡിതരം) - 40000 രൂപ, തനത് ഫണ്ട് - 10000 രൂപ) |
| ചെലവ് | 1) ബിൽ നം. 74/22-23/07.11.2022 – 40000 രൂപ<br>2) ബിൽ നം. 75/22-23/07.11.2022 – 10000 രൂപ |
| നിർവഹണം | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) |

പകർച്ചവ്യാധി പ്രതിരോധ മരുന്ന് വാങ്ങൽ പദ്ധതി പ്രകാരം 50000/- രൂപ (പ്രൊഫോർമ ഇൻവോയ്സ് നം. 169317/28.10.2022) ഔഷധിയുടെ അക്കൗണ്ടിലേക്ക് (നം. 5913005900000015, PNB) മാറി നൽകിയിട്ടുണ്ട്.

പദ്ധതിയുടെ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) പ്രൊഫോർമ ഇൻവോയ്സ് പ്രകാരം ഔഷധിയിൽ നിന്നും ലഭിച്ച മരുന്നുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇൻവോയ്സ് നം./തീയതി | തുക |
|---|---|---|
| 1 | 90279368/17.11.2022 | 37617 |
| 2 | 90284587/29.12.2022 | 2384 |
| ആകെ | | 40001 രൂപ |

ബാക്കിയുള്ള 9999 (50000-40001) രൂപയുടെ മരുന്നുകൾ ഔഷധിയിൽ നിന്നും ലഭ്യമായിട്ടില്ല.

2) സെപ്റ്റംബർ 2023 ന് കാലാവധി കഴിയുന്ന താഴെ പറയുന്ന മരുന്ന് സ്റ്റോക്കിൽ ബാക്കിയുള്ളതായി കാണുന്നു.

| മരുന്നിന്റെ പേര് (ബാച്ച് നം.) | എക്സ്പെയർ മാസം/വർഷം | നിരക്ക് | റിമാർക്സ് |
|---|---|---|---|
| BRINGAMALAKADI Thylam (T | 09/2023 | 196/ബോട്ടിൽ | 03.12.2022 ന് സ്റ്റോക്കിലെടുത്തിട്ടുള്ള |

| | | | |
|---|---|---|---|
| 39206) | | | 45 ബോട്ടിലുകളിൽ 21 ബോട്ടിലുകൾ വിതരണം ചെയ്യാതെ സ്റ്റോക്കിൽ സൂക്ഷിച്ചിരിക്കുന്നു (സ്റ്റോക്ക് രജിസ്റ്റർ പേജ് നം. 100). |

ഓഡിറ്റ് നടത്തിയ മാസം കാലാവധി കഴിയാറായ മരുന്നുകൾ സമയപരിധിക്കുള്ളിൽ വിതരണം ചെയ്യാതെ സ്റ്റോക്കിൽ സൂക്ഷിച്ചിരിക്കുന്നു.

മേൽ അപാകങ്ങൾ സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നം. 09/12.09.2023) മരുന്നുകൾ ലഭ്യമാക്കി അറിയിക്കുന്നതാണെന്നുള്ള മറുപടി ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റ് നിർദ്ദേശം

1) പ്രൊഫോർമ ഇൻവോയ്സ് പ്രകാരം ലഭ്യമാക്കുവാൻ ബാക്കിയുള്ള മരുന്നുകൾ ഔഷധിയിൽ നിന്നും ലഭ്യമാക്കി വിവരം ഒറിജിനൽ ഇൻവോയ്സുകൾ, മരുന്ന് സ്റ്റോക്കിലെടുത്തിട്ടുള്ള സ്റ്റോക്ക് രജിസ്റ്റർ എന്നിവയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2) കാലാവധി കഴിഞ്ഞ മരുന്നുകൾ രോഗികൾക്ക് വിതരണം ചെയ്യുന്നില്ല എന്ന് ഉറപ്പുവരുത്തേണ്ടതും കാലാവധി കഴിഞ്ഞും മരുന്നുകൾ സ്റ്റോക്കിലുണ്ടെങ്കിൽ, ആയത് ഓഷധിയിൽ നിന്നും മാറ്റി വാങ്ങുവാനും ശ്രദ്ധിക്കേണ്ടതാണ്.

## 1-19 വൃദ്ധർക്ക് കട്ടിൽ - അപാകങ്ങൾ

| | |
|---|---|
| പ്രൊജക്റ്റ് നം., പേര് | 162/23, വൃദ്ധർക്ക് കട്ടിൽ |
| അടങ്കൽ | 391500 രൂപ (വികസന ഫണ്ട് - ജനറൽ) |
| ചെലവ് | ബിൽ നം. 19/22-23/29.03.2023, 387000 രൂപ |
| നിർവഹണം | ഐ സി ഡി എസ് സൂപ്പർവൈസർ |

മേൽ പദ്ധതി പ്രകാരം ആർട്ട്കോ ലിമിറ്റഡിൽ നിന്നും 90 കട്ടിലുകൾ വാങ്ങിയിട്ടുണ്ട് (ഇൻവോയ്സ് നം. PKD394/15.03.2023).

വൃദ്ധർക്ക് കട്ടിൽ - പദ്ധതിയുടെ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) വാങ്ങിയ കട്ടിലുകൾ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതിന്റെ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

2) പ്രൊജക്റ്റ് നം. 87/23 - വൃദ്ധർക്ക് കട്ടിൽ (സ്പിൽ ഓവർ) പദ്ധതി പ്രകാരം ആർട്ട്കോ ലിമിറ്റഡിൽ നിന്നും 90 കട്ടിലുകൾ വാങ്ങിയിട്ടുണ്ട് (ബിൽ നം. 05/22-23/17.09.2022). എന്നാൽ ടി പദ്ധതിയുടെ വരവ് ചെലവ് വിവരങ്ങൾ സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല.

3) പതിനാലാം പഞ്ചവത്സരപദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ (29.04.2022 ലെ സ.ഉ(കൈ)നം. 84/2022/തസ്വഭവ) ഖണ്ഡിക 14 പ്രകാരം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രൊജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതാണ്. ഇത്തരത്തിൽ തയ്യാറാക്കിയിട്ടുള്ള മോണിറ്ററിംഗ് റിപ്പോർട്ട് ഫയലിൽ സൂക്ഷിച്ചതായി കാണുന്നില്ല.

മേൽ അപാകങ്ങൾ സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നം. 13/13.09.2023) വിതരണ രജിസ്റ്റർ

പരിശോധനയ്ക്ക് ലഭ്യമാക്കുകയും, പ്രൊജക്ട് നം. 87/23 - വൃദ്ധർക്ക് കട്ടിൽ (സ്പിൽ ഓവർ) പദ്ധതി ഭേദഗതി ചെയ്യുന്നതിനായി ഡി പി സിയ്ക്ക് പോയിട്ടുണ്ടെങ്കിലും വെറ്റ് ചെയ്ത് ലഭിക്കാത്തതിനാലാണ് ചെലവ് വിവരങ്ങൾ സുലേഖയിൽ ചേർക്കാൻ പറ്റാതിരുന്നതെന്നും അറിയിച്ചു. മോണിറ്ററിംഗ് റിപ്പോർട്ട് ഫയലിൽ സൂക്ഷിക്കുന്നതാണെന്നുള്ള മറുപടി ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റ് നിർദ്ദേശം

1) പദ്ധതികൾ സമയബന്ധിതമായി വെറ്റ് ചെയ്ത് ലഭിക്കുന്നുണ്ടെന്ന് മോണിറ്റർ ചെയ്യേണ്ടതും, പദ്ധതി പ്രകാരമുള്ള എല്ലാ ചെലവുകളും സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

2) പദ്ധതി പ്രകാരം ഗുണഭോക്താക്കൾക്ക് ആനുകൂല്യം ലഭിച്ചിട്ടുണ്ടെന്ന് മോണിറ്ററിംഗ് കമ്മിറ്റികൾ പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതും, മോണിറ്ററിംഗ് റിപ്പോർട്ട് പദ്ധതികളുടെ ഫയലിൽ സൂക്ഷിക്കുകയും ചെയ്യേണ്ടതാണ്.

1-20 വയോജന സംഗമം – വിതരണ രേഖകൾ ലഭ്യമാക്കേണ്ടതാണ്

| | |
|---|---|
| പ്രൊജക്ട് നം., പേര് | 163/23, വയോജന സംഗമം |
| അടങ്കൽ | 200000 രൂപ (തനത് ഫണ്ട്) |
| ചെലവ് | ബിൽ നം. 56/22-23/12.10.2022 - 200000 രൂപ |
| നിർവഹണം | ഐ സി ഡി എസ് സൂപ്പർവൈസർ |

01.10.2022 ന് പഞ്ചായത്ത് ഹാളിൽ വെച്ച് വയോജന സംഗമം 'സ്നേഹാമൃതം' എന്ന പേരിൽ നടത്തിയ വകയിൽ താഴെ പറയുന്ന ചെലവുകൾക്ക് തുക മാറി നൽകിയിട്ടുണ്ട്.

| ക്രമ നം. | ബിൽ നം./തീയതി | തുക | സ്ഥാപനം | ഇനം | റിമാർക്സ് |
|---|---|---|---|---|---|
| 1 | 999 | 58925 | മണി ഹാന്റ്ലൂംസ് | 1. മുണ്ട് - 151 എണ്ണം 2. നൈറ്റി - 120 എണ്ണം 3. പുതപ്പ് - 40 എണ്ണം | ബിൽ പ്രകാരം മണികണ്ഠൻ എന്നവരുടെ അക്കൗണ്ടിലേക്കാണ് (നം. 074110103194) തുക മാറി നൽകിയിരിക്കുന്നത്. |
| 2 | 2/03.10.2022 | 106400 | പാരിസ് ബേക്സ് | 1. ഉച്ച ഭക്ഷണം - 380 എണ്ണം 2. ചായ, ലഘു ഭക്ഷണം - 380 എണ്ണം | ബിൽ പ്രകാരം അർഷാദ് എന്നവരുടെ അക്കൗണ്ടിലേക്കാണ് (നം. 67359567917) തുക മാറി നൽകിയിരിക്കുന്നത്. |
| 3 | 1522/01.10.2022 | 900 | പി കെ ബാക്സ് | 3 Kg Sweets | ബിൽ പ്രകാരം നിർവഹണോദ്യോഗസ്ഥയായ സറീന പി എന്നവരുടെ അക്കൗണ്ടിലേക്കാണ് (നം. |
| 4 | 169/30.09.2022 | 8875 | പി എം എസ് | 1. ട്രോഫി - 45 എണ്ണം | |

| | | | | | |
|---|---|---|---|---|---|
| | | | സ്റ്റേഷനറി | 2. പേന – 2 ബോക്സ് 3. ലെമൺ സ്പൂൺ - 15 എണ്ണം 4. ഫ്ലേവേയ്സ് & ഡെകറേഷൻ ഐറ്റംസ് | 67089524785) തുക മാറി നൽകിയിരിക്കുന്നത്. |
| 5 | 3 | 7500 | പിക് സ്റ്റുഡിയോ | 1. ഫോട്ടോസ് - 50 എണ്ണം 2. ഫ്ലക്സ് - 2 എണ്ണം 3. നോട്ടീസ് - 1000 എണ്ണം | ബിൽ പ്രകാരം നൗഷാദ് എന്നവരുടെ അക്കൗണ്ടിലേക്കാണ് (നം. 0297053000003807) തുക മാറി നൽകിയിരിക്കുന്നത്. |
| 6 | - | 17400 | നിദ ലൈറ്റ് & സൗണ്ട് | ലൈറ്റ് & സൗണ്ട്, ജനറേറ്റർ, ചെയർ & ടേബിൾ | ബിൽ പ്രകാരം ബഷീർ എൻ എന്നവരുടെ അക്കൗണ്ടിലേക്കാണ് (നം. 0297053000003216) തുക മാറി നൽകിയിരിക്കുന്നത്. |
| ആകെ | | 200000 രൂപ | | | |

പദ്ധതിയുടെ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. പദ്ധതി പ്രകാരം വാങ്ങിയിട്ടുള്ള മുണ്ട്, നൈറ്റി, പുതപ്പ്, ട്രോഫികൾ എന്നിവ സ്റ്റോക്കിലെടുത്തതിന്റെയും ആയത് വയോജന സംഗമത്തിൽ പങ്കെടുത്ത വയോജനങ്ങൾക്ക് നൽകിയതിന്റെയും രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

2. ബിൽ പ്രകാരം തുക മാറി നൽകിയിട്ടുള്ള ഗുണഭോക്താക്കൾക്ക് പ്രസ്തുത സ്ഥാപനങ്ങളുമായുള്ള ബന്ധം തെളിയിക്കുന്നതിനുള്ള രേഖകൾ, അവരുടെ ബാങ്ക് പാസ്ബുക്കിന്റെ കോപ്പി എന്നിവ പരിശോധനയ്ക്ക് നൽകേണ്ടതാണ്.

3. പതിനാലാം പഞ്ചവത്സരപദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ (29.04.2022 ലെ സ.ഉ(കൈ)നം. 84/2022/തസ്വഭവ) ഖണ്ഡിക 14 പ്രകാരം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രൊജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതാണ്. ഇത്തരത്തിൽ തയ്യാറാക്കിയിട്ടുള്ള മോണിറ്ററിംഗ് റിപ്പോർട്ട് ഫയലിൽ സൂക്ഷിച്ചതായി കാണുന്നില്ല.

മേൽ അപാകങ്ങൾ സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നം. 14/13.09.2023) വാങ്ങിയ സാധനങ്ങൾ സ്റ്റോക്കിലെടുത്തതിന്റെയും വിതരണം ചെയ്തതിന്റെയും രേഖകൾ ഹാജരാക്കുന്നതാണെന്നും, മോണിറ്ററിംഗ് റിപ്പോർട്ട് ഫയലിൽ സൂക്ഷിക്കുന്നതാണെന്നുമുള്ള മറുപടി ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റ് നിർദ്ദേശം

1) പദ്ധതി പ്രകാരം വാങ്ങിയിട്ടുള്ള മുണ്ട്, നൈറ്റി, പുതപ്പ്, ട്രോഫികൾ എന്നിവ സ്റ്റോക്കിലെടുത്തതിന്റെയും ആയത് വയോജന സംഗമത്തിൽ പങ്കെടുത്ത വയോജനങ്ങൾക്ക് നൽകിയതിന്റെയും രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

2) ബിൽ പ്രകാരം തുക മാറി നൽകിയിട്ടുള്ള ഗുണഭോക്താക്കൾക്ക് പ്രസ്തുത സ്ഥാപനങ്ങളുമായുള്ള ബന്ധം തെളിയിക്കുന്നതിനുള്ള രേഖകൾ, അവരുടെ ബാങ്ക് പാസ്ബുക്കിന്റെ കോപ്പി എന്നിവ ഫയലിൽ സൂക്ഷിക്കേണ്ടതാണ്.

3) പദ്ധതി പ്രകാരം ഗുണഭോക്താക്കൾക്ക് ആനുകൂല്യം ലഭിച്ചിട്ടുണ്ടെന്ന് മേണിറ്ററിംഗ് കമ്മിറ്റികൾ പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതും, മോണിറ്ററിംഗ് റിപ്പോർട്ട് പദ്ധതികളുടെ ഫയലിൽ സൂക്ഷിക്കുകയും ചെയ്യേണ്ടതാണ്.

## 1-21 ഗ്രാമപഞ്ചായത്ത് പി.ടി.എസ് തസ്തിക സ്ഥിരം നിയമനം നടത്തിയില്ല

ഗ്രാമ പഞ്ചായത്തിലെ പ്ളാനിതര ചെലവുകൾ പരിശോധിച്ചതിന്റ അടിസ്ഥാനത്തിൽ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ 2 ജീവനക്കാർ ഗ്രാമ പഞ്ചായത്തിൽ നിന്ന് ദിവസ വേതനം കൈപ്പറ്റുന്നുണ്ട്.ആയത് സംബന്ധിച്ച ഓഡിറ്റ് നിരീക്ഷണങ്ങൾ താഴെ താഴെ കൊടുക്കുന്നു.

1)പി.ടി.എസ്.തസ്തികയിൽ സ്ഥിര നിയമനം നടത്താതെ ദിവസ വേതനാടിസ്ഥാനത്തിൽ 2പേരെ നിയമിച്ചു.

ഗ്രാമ പഞ്ചായത്തിൽ ഒരു പാർട് ടൈം സ്വീപ്പർ തസ്തികയാണ് നിലവിലുള്ളത്. നിലവിൽ ആ തസ്തികയിൽ സ്ഥിര നിയമനം നടത്തുന്നതിനു പകരം 400 രൂപ നിരക്കിൽ 2 പേരെ താൽക്കാലിക അടിസ്ഥാനത്തിൽ നിയമിച്ചിരിക്കുന്നു. 09/08/2021 തിയ്യതിയിലെ 23(1) തീരുമാന പ്രകാരമാണ് കോവിഡ് കാലത്ത് രണ്ടാമത്തെ വ്യക്തിയെ പി.ടി.എസ്. തസ്തികയിൽ താൽക്കാലിക അടിസ്ഥാനത്തിൽ നിയമനം നടത്തിയിരിക്കുന്നത്. നിലവിലുള്ള PTSതസ്തികയിലെ ഒഴിവ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ റിപ്പോർട്ട് ചെയ്ത വിവരം, ഗ്രാമ പഞ്ചായത്തിലെ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ സ്ഥിരം നിയമനം നടത്താതെ, അതിനുള്ള നടപടികൾ സ്വീകരിക്കാതെ നിലവിൽ താത്കാലികമായി ജോലി ചെയ്യുന്ന ആൾക്കുപുറമെ പുതിയ ആളെ നിയമിച്ചത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണങ്ങൾക്ക് (2/07.09.23) മറുപടി ലഭ്യമാക്കിയതു പരിശോധിച്ചു. ഗ്രാമ പഞ്ചായത്തിന്റെ ദൈനംദിന ശുചീകരണത്തിന് ഒരു വ്യക്തിയെകൊണ്ട് കഴിയാത്തതിനാൽ പഞ്ചായത്ത് ഭരണസമിതി തീരുമാനത്തിന്റ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ളതാണെന്നും, എൽ.എസ്.ജി.ഡി അസിസ്റ്റന്റ് എൻജിനീയർ സ്വീപ്പിംങ്ങ് ഏരിയ 1585.98ച.മീ അളന്ന് തിട്ടപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ ജി.ഒ(പി) നം 501/2005/fin , തിയ്യതി 25/11/2005 പ്രകാരം 900ച.മീ വിസ്തീർണ്ണം അധികരിക്കുന്ന പക്ഷം 2പാർട്ട് ടൈം സ്വീപ്പറെ നിയമിക്കാം എന്നതനുസരിച്ച് 2പാർട്ട് ടൈം സ്വീപ്പർമാർ സേവനമനുഷ്ഠിച്ചുവരുന്നു എന്നുമാണ് അറിയിച്ചത്.

ഓഡിറ്റ് ടീമും എൽ.എസ്.ജി..ഡി ഓവർസിയറും 13.09.23 , 4.30pm നു നടത്തിയ പ്രദേശിക പരിശോധനയിൽ യഥാർത്ഥ സ്വീപ്പിംങ്ങ് ഏരിയ 1408.06ച.മീ ആണ്. മേൽപരാമർശിത ഉത്തരവിൽ 800.ച.മീ വിസ്തൃതിയിൽ കൂടുതൽ സ്വീപ്പിംങ്ങ് ഏരിയയുള്ള സർക്കാർ ഓഫീസുകളിൽ 1 ഫുൾടൈം സ്വീപ്പറെ നിയമിക്കാമെന്നതാണ്. ടി സർക്കാർ ഉത്തരവനുസരിച്ച് പി.ടി.എസ് തസ്തിക ഒഴിവ് എംപ്ലോയ്മെന്റ് എക്സചേഞ്ചിൽ റിപ്പോർട്ട് ചെയ്യേണ്ടതും ഫുൾടൈം സ്വീപ്പറുടെ അവശ്യകതയുണ്ടെങ്കിൽ ബന്ധപ്പെട്ട വകുപ്പിനെ അറിയിച്ച് തുടർ നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-22 പൗണ്ട് കീപ്പർ തസ്തികയിൽ ജോലി വിഭജനം നടത്തിയിട്ടില്ല,സർവീസ് റഗുലറൈസ് ചെയ്തിട്ടില്ല

ഗ്രാമ പഞ്ചായത്തിൽ പൗണ്ട് കീപ്പർ തസ്തികയിൽ കെ.മണി എന്ന വ്യക്തി 9340-14800/-ശമ്പള

സ്കെയിലിൽ ജോലി ചെയ്തു വരുന്നു. താലൂക്ക് പഞ്ചായത്ത് ഓഫീസർ ഒറ്റപ്പാലത്തിന്റെ 11.01.1991ലെ AO-12/97(ii) ഉത്തരവ് പ്രകാരം 24/01/91തിയ്യതി മുതൽ ഗ്രാമപഞ്ചായത്തിൽ നിയമിതനായ വ്യക്തിയാണ്. നിലവിൽ ഈ തസ്തിക ഇല്ലാത്തതിനാൽ ടിയാന് നിശ്ചിതമായ ജോലി ഇല്ലാത്തതുമാണ്. ഓഫീസ് ഓർഡർ പരിശോധിച്ചതിൽ ടിയാന് ജോലി അലോട്ട് ചെയ്തതായി കാണുന്നില്ല. ജോലി വിഭജിച്ച് ഉത്തരവാദിത്തങ്ങൾ നൽകാത്തത് ക്രമത്തിലല്ല. ശമ്പളപരിഷ്കരണ പ്രകാരം 13000-21080 ശമ്പള സ്കെയിലിൽ 21080അടിസ്ഥാന ശമ്പളത്തിൽ പേ റീവൈസ് ചെയ്ത് നൽകിയിട്ടുണ്ട്.എന്നാൽ ടിയാളുടെ നിയമനം ക്രമീകരിച്ചതായി കാണുന്നില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ്എൻക്വയറിക്ക് (2/07.09.23) മറുപടി നൽകിയതിൽ ടിയാളുടെ സേവനം ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്നും ഓഫീസ് പ്രവർത്തനവുമായി ബന്ധപ്പെട്ട പഞ്ചായത്ത് ഹാൾ ശുചീകരണം ,വിവിധ യോഗങ്ങൾ കഴിഞ്ഞതിനുശേഷമുള്ള ശുചീകരണ പ്രവൃത്തികൾ എന്നിവ ഓഡിറ്റ് നിർദേശത്തെ തുടർന്ന് ഓഫീസ് ഓർഡർ പ്രകാരം ചുമതല നൽകിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്.ടിയാളുടെ നിയമനം ക്രമീകരിക്കാനുള്ള നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-23 എബിസി പ്രോഗ്രാം- വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്

പ്രോജക്റ്റ് നം - 236/23

അടങ്കൽ- 300000 രൂപ (വികസന ഫണ്ട് - ജനറൽ)

ചെലവ് - 300000 രൂപ

ബിൽ നം 101/07.12.22

നിർവഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

2022-23 വർഷത്തിൽ സെക്രട്ടറി നടപ്പാക്കിയ തെരുവുനായ്ക്കളുടെ പ്രജനന നിയന്ത്രണത്തിനായി അവയെ ആവാസ കേന്ദ്രത്തിൽ നിന്നും പിടികൂടുന്നതിനും ശസ്ത്രക്രിയയ്ക്കുശേഷം സംരക്ഷിച്ച് അവയെ അതത് പ്രദേശങ്ങളിൽ തിരികെ കൊണ്ടു വിടുന്നതുമായ എബിസി പ്രോഗ്രാം നടപ്പിലാക്കുന്നതിനായി 300000 രൂപ വകയിരുത്തി പാലക്കാട് ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് (അക്കൗണ്ട് നം 799011400002200) തുക കൈമാറിയിട്ടുണ്ട്. ടി പ്രൊജക്ട് ലക്ഷ്യം കൈവരിച്ച വിവരം നൽകിയ തുകയുടെ വിനിയോഗ വിവരം എന്നിവ ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(4/11.09.23). മറുപടി നൽകിയതിൽ ജില്ലാ പഞ്ചായത്തിന് നൽകിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രത്തിനായി അപേക്ഷ നൽകിയിരുന്നെങ്കിലും തുക പൂർണ്ണമായി വിനിയോഗിച്ചിട്ടില്ല എന്നാണ് അറിയിച്ചിട്ടുള്ളത്. വിനിയോഗസാക്ഷ്യപത്രം ഓഡിറ്റിനു ലഭ്യമാക്കേണ്ടതാണ്.

## 1-24 പൊതു ടാപ്പുകൾ വിച്ഛേദിക്കാൻ സ്വീകരിച്ച നടപടികളുടെ വിവരം

2022-23 കാലയളവിൽ കരിമ്പുഴ ഗ്രാമ പഞ്ചായത്തിന്റെ പരിധിയിൽ 106 പൊതു ടാപ്പുകൾക്കുള്ള വെള്ളക്കരം കേരള വാട്ടർ അതോറിറ്റി ഡിമാന്റ് ചെയ്യുകയും പഞ്ചായത്ത് അടവാക്കുകയും ചെയ്യുന്നുണ്ട്. ആയതിൽ പല പൊതു ടാപ്പുകളും പ്രവർത്തനക്ഷമമല്ല. പ്രവർത്തനക്ഷമമല്ലാത്ത പൊതു ടാപ്പുകൾക്കും വെള്ളക്കരം അടവാക്കുന്ന സാഹചര്യം നിലവിലുള്ളതായി കാണുന്നു. കേരള വാട്ടർ അതോറിറ്റി ഷൊർണ്ണൂർ പി.എച്ച് ഡിവിഷനിൽ നിന്നുള്ള 2/11/22 തിയ്യതിയിലെ കത്ത് നം 976/7A/21/PH DIVISION SHORNUR പ്രകാരം പ്രവർത്തനക്ഷമമല്ലാത്ത പൊതു ടാപ്പുകൾ വിച്ഛേദിക്കുന്നതിന് എസ്റ്റിമേറ്റ് നൽകിയിട്ടുണ്ട്.(172000/-) തുടർന്ന് 07/12/22ന് എസ്റ്റിമേറ്റ് പുതുക്കി നൽകിയിട്ടുണ്ട്(പുതുക്കിയ എസ്റ്റിമേറ്റ് തുക 200000 /-) അതു പ്രകാരം പൊതുടാപ്പുകൾ വിച്ഛേദിക്കുന്നതിനുള്ള പദ്ധതി 2022-23 സെക്രട്ടറി നിർവഹിച്ചിട്ടുണ്ട്.വിശദ വിവരം താഴെ കൊടുക്കുന്നു

പ്രോജക്റ്റ് നം - 220/23

അടങ്കൽ- 200000 (വികസന ഫണ്ട് - ജനറൽ)

ചെലവ് - ബിൽ നം 146/11.01.23- 200000 രൂപ

നിർവഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

കരാർ തിയ്യതി -16.12.2022

ഗ്രാമ പഞ്ചായത്ത് കേരള വാട്ടർ അതോറിറ്റിയിലേക്ക് തുക അടവാക്കിയതനുസരിച്ച് വാട്ടർ അതോറിറ്റി പ്രവൃത്തി പൂർത്തികരിച്ചതായി കാണുന്നില്ല. നാളിതുവരെ ചെയ്ത പ്രവൃത്തിയുടെ വിവരം, പ്രവൃത്തി പൂർത്തികരിച്ച വിവരം, മോണിറ്ററിങ്ങ് കമ്മിറ്റിയുടെ റിപ്പോർട്ട് എന്നിവ അന്വേഷിച്ച് ഓഡിറ്റ് എൻക്വയറി (നം-5/12-9-2023) നൽകിയതിന് മറുപടി ലഭ്യമാക്കിയതിൽ നിലവിൽ എല്ലാ പൊതു ടാപ്പുകളും വിച്ഛദിച്ചിട്ടുണ്ട് എന്നും ഡിമാന്റ് തുക പൂർണ്ണമായി 07/2023മുതൽ ഒഴിവാക്കി ലഭിച്ചിട്ടുണ്ട് എന്നും അറിയിച്ചു. രേഖകൾ പരിശോധിച്ചതിൽ വാട്ടർ ചാർജ് കുടിശ്ശിക 315021/- ചെക്ക് നം MA-2159562/27.06.2023 പ്രകാരം അടവാക്കിയിട്ടുണ്ട് 27/06/23തിയ്യതിയിൽ(വൗച്ചർ നം.22300220) പ്രതിമാസം അടവാക്കുന്ന തുക അടവാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ വാട്ടർ അതോറ്റിയിൽ നിന്ന് പ്രവൃത്തി പൂർത്തികരിച്ച വിവരം ലഭ്യമായതായി കാണുന്നില്ല. അതാത് വാർഡുകളിൽ പൊതു ടാപ്പുകൾ വിച്ഛേദിച്ചതായി വാർഡ് മെമ്പർമാർ സാക്ഷ്യപെടുത്തുകയോ, പദ്ധതി പ്രവർത്തനം മോണിറ്റർ ചെയ്തതായോ കാണുന്നില്ല. ആയതിനാൽ വാട്ടർ അതോറിറ്റിയിൽ നിന്ന് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയതിന്റെയും പൊതു ടാപ്പുകൾ വിച്ഛേദിച്ചതിന്റെയും തുടർ നടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-25 സാധനങ്ങൾ സമാഹരിച്ചത് മാർഗനിർദേശങ്ങൾക്ക് അനുസൃതമല്ല. ചെലവ് തുക തടസ്സപ്പെടുത്തുന്നു

ഹെഡ് മാസ്റ്റർ നിർവ്വഹണം നടത്തിയ താഴെ സൂചിപ്പിച്ചിട്ടുള്ള പ്രോജക്ടിൽ സാധനങ്ങൾ സമാഹരിച്ചത് പ്രൊക്യൂർമെന്റ് മാർഗരേഖയ്ക്ക് അനുസൃതമല്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം, പേര് | SO 089/23- ജി.എൽ.പി. സ്കൂൾ സ്മാർട്ട് ക്ലാസ്സ് റൂം |
| അടങ്കൽ, ഫണ്ടിനം | 293000, മെയിന്റനൻസ് ഫണ്ട് (റോഡിതരം) |
| ബിൽ വിവരങ്ങൾ | നം. 3/29-12-2022, Rs. 293000/- |

സ്മാർട്ട് ക്ലാസ് റൂം സ്ഥാപിക്കുന്നതിനായി പെയിന്റിംഗ് വർക്കുകൾ നടത്തൽ, പ്രോജക്ടർ, പ്രോജക്ടർ സ്ക്രീൻ,സ്റ്റീൽ ഡെസ്ക്, സ്റ്റീൽ ബെഞ്ചുകൾ വാങ്ങൽ എന്നിവയ്ക്കാണ് പ്രോജക്ട് ഉദ്ദേശിച്ചിട്ടുള്ളത്. ഭരണസമിതിയുടെ തീരുമാന പ്രകാരം സർക്കാർ അംഗീകൃത ഏജൻസികളിൽ നിന്നും താത്പര്യപത്രം ക്ഷണിച്ചാണ് പ്രോജക്ട് നിർവ്വഹിച്ചിട്ടുള്ളത്.

ആയതനുസരിച്ച് Artisans Development Co-operative Ltd(Artco), Small Industries Development Co-Operative Ltd (Sidco) എന്നീ സ്ഥാപനങ്ങളിൽ നിന്നും താത്പര്യപത്രം ലഭ്യമാക്കുകയും താഴ്ന്ന നിരക്ക് രേഖപ്പെടുത്തിയ Artco യെ തിരഞ്ഞെടുക്കുകയും ടി സ്ഥാപനവുമായി എഗ്രിമെന്റ് വെച്ച് സാധനങ്ങൾ വിതരണം നടത്തുകയും ചെയ്തിട്ടുണ്ട്. വാങ്ങിയ സാധനങ്ങളുടെ വിശദാംശം താഴെ ചേർക്കുന്നു.

| സീരിയൽ നം. | ഇനം | എണ്ണം | വില | ആകെ |
|---|---|---|---|---|
| 1 | പ്രോജക്ടർ | 1 | 44000 | 44000 |
| 2 | പ്രോജക്ടർ സ്ക്രീൻ | 1 | 4100 | 4100 |
| 3 | സ്റ്റീൽ ഡെസ്ക് | 14 | 6400 | 89600 |
| 4 | സ്റ്റീൽ ബെഞ്ചുകൾ | 14 | 4500 | 63000 |

| | | | | |
|---|---|---|---|---|
| 5 | പെയിന്റിംഗ് | 1 | 44000 | 44000 |
| ആകെ | | | | 244700 |
| ജി.എസ്.ടി. | | | | 48446 |
| മൊത്തം | | | | 293146 |

ബിൽ തുക 293000/-രൂപയിൽ പരിമിതപ്പെടുത്തി. ഇതു സംബന്ധിച്ച് താഴെ സൂചിപ്പിക്കുന്ന അപാകതകൾ സംഭവിച്ചിട്ടുണ്ട്.

1)സ.ഉ നം. 7/2022/SPD, Dt 2-2-2022പ്രകാരം ആർട്ട് കോയിൽ നിന്ന് നേരിട്ട് വാങ്ങാവുന്ന സാധനങ്ങളുടെ ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. ആയതിൽ മേൽസൂചിപ്പിച്ച പട്ടികയിലെ ക്രമനം 1,2,5പ്രകാരമുള്ള സാധനങ്ങൾ , പ്രവൃത്തികൾ ഉൾപ്പെടുന്നില്ല.

2) സ.ഉ നം. 118/2018/SPD, Dt 3-8-2018പ്രകാരം 50% ൽ അധികം സാധനങ്ങൾ പുറത്ത് നിന്ന് വാങ്ങി വിതരണം ചെയ്യുന്നവയാണെങ്കിൽ പ്രോജക്ട് അക്രഡിറ്റഡ് ഏജൻസിയിലൂടെ നിർവ്വഹണം നടത്താൻ പാടില്ലാത്തതാണ്. ടി പ്രോജക്ടിൽ 50% ൽ അധികം സാധനങ്ങളും ആർട്ട് കോ മറ്റുള്ള വിതരണക്കാരിൽ നിന്നും വാങ്ങി വിതരണം ചെയ്യുന്നതാണ്.

3) പഞ്ചായത്ത് ഡയറക്ടറുടെ PAN/13189/2020-J8(DP), Dt 10-11-2020 നമ്പർ സർക്കുലർ പ്രകാരം അക്രഡിറ്റഡ് ഏജൻസികളിൽ നിന്നുള്ള പർച്ചേസിലും ടെണ്ടർ നടപടിക്രമങ്ങൾ പാലിക്കണം എന്ന് നിർദേശിച്ചിട്ടുണ്ട്. എന്നാൽ ടി പ്രോജക്ടിൽ ഇത് പാലിച്ചിട്ടില്ല.

4) വാങ്ങിയ സാധനങ്ങളുടെ സ്റ്റോക്ക് രേഖപ്പെടുത്തൽ, വിതരണം എന്നിവ പരിശോധനയ്ക്ക് ഹാജരാക്കായിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(10/12-9-2023) ലഭ്യമാക്കിയ മറുപടിയിൽ ഐ.ടി. യുമായി ബന്ധപ്പെട്ട പ്രവൃത്തികൾക്ക് ടി സ്ഥാപനത്തിന് അക്രഡിറ്റേഷൻ ഉണ്ടെന്നും വാങ്ങിയ സാധനങ്ങൾ സ്റ്റോക്കിൽ എടുത്തിട്ടുണ്ടെന്നും രേഖപ്പെടുത്തിയിട്ടുണ്ട്. മറുപടി അംഗീകരിക്കത്തക്കതല്ല. സ്റ്റോക്ക് റജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുമില്ല. ആയതിനാൽ ആകെ ചെലവ് തുക 293000/-രൂപ തടസ്സപ്പെടുത്തുന്നു.

## 1-26 ആവശ്യത്തിൽ അധികം സാധനങ്ങൾ വാങ്ങിയിരിക്കുന്നു.ചെലവ് തുക തടസ്സപ്പെടുത്തുന്നു

ഹെഡ് മാസ്റ്റർ നിർവ്വഹണം നടത്തിയ താഴെ സൂചിപ്പിച്ചിട്ടുള്ള പ്രോജക്ടിൽ സാധനങ്ങൾ സമാഹരിച്ചത് പ്രോക്യൂർമെന്റ് മാർഗനിർദേശങ്ങൾക്ക് അനുസൃതമല്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം, പേര് | SO 262/23- എൽ.പി. സ്കൂളുകളിലേക്ക് സ്പോർട്സ് ഉപകരണങ്ങൾ വാങ്ങൽ |
| അടങ്കൽ, ഫണ്ടിനം | 120000, വികസന ഫണ്ട്(ജനറൽ) |
| ബിൽ വിവരങ്ങൾ | നം. 7/29-3-2023, Rs. 98504/-<br>നം. 8/29-3-2023, Rs. 8064/-<br>ആകെ. 106568രൂ. |

സ്കൂളുകളിലേക്ക് സ്പോർട്സ് ഉപകരണങ്ങൾ വാങ്ങി നൽകുന്നതിനാണ് പ്രോജക്ട് ഉദ്ദേശിക്കുന്നത്. ആയതിനായി GEM Portalലിൽ നിന്ന് വാങ്ങി നൽകാം എന്ന് ആദ്യം ഉദ്ദേശിച്ചിരുന്നു എങ്കിലും GEM Portalലിൽ നിന്ന് ആദ്യം വാങ്ങിയ 18 ഫുട്ബോളുകളുടെ ഗുണനിലവാരം കുറവാകയാൽ മറ്റു സ്ഥാപനങ്ങളിൽ നിന്ന് താത്പര്യപത്രം ലഭ്യമാക്കി സ്പോർട്സ് ഉപകരണങ്ങൾ വാങ്ങുകയാണ്

ചെയ്തിരിക്കുന്നത്. ആയതിന്റെ അടിസ്ഥാനത്തിൽ New Sports Centre എന്ന സ്ഥാപനത്തിൽ നിന്ന് സാധനങ്ങൾ വാങ്ങിയിട്ടുണ്ട്. ടി സ്ഥാപനത്തിൽ നിന്ന് വാങ്ങിയ സാധനങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | എണ്ണം |
|---|---|
| Football | 24 |
| Shuttle Racket | 26 |
| Cricket Bat | 9 |
| Volley Ball | 12 |
| Shuttle Cork | 13 |
| Tennis Ball | 12 |
| Football For Blind | 2 |
| Volley Ball | 1 |
| Cricket Ball | 1pack |
| Tennis Cort Ring | 43 |
| Skipping Rop | 52 |
| Hoola Hoops | 24 |

ഇതു സംബന്ധിച്ച് താഴെ സൂചിപ്പിക്കുന്ന അപാകതകൾ സംഭവിച്ചിട്ടുണ്ട്.

*സ.ഉ (പി) നം. 259/2010/ത.സ്വ.ഭ.വ, തീയ്യതി. 8-11-2010 പ്രകാരമുള്ള പ്രൊക്യൂർമെന്റ് മാർഗരേഖ പ്രകാരം മതിപ്പുവില 100000ൽ അധികം വരുന്ന പ്രോജക്ടുകളിൽ ഓപ്പൺ ടെണ്ടർ നടത്തേണ്ടതാണ്. എന്നാൽ ടി പ്രോജക്ടിൽ താത്പര്യപത്രം വാങ്ങി പ്രോജക്ട് നിർവ്വഹണം നടത്തിയിരിക്കുന്നു.

*വാങ്ങിയ സാധനങ്ങളുടെ സ്റ്റോക്ക് റജിസ്റ്ററും വിതരണം നടത്തിയതിന്റെ വിവരങ്ങളും ലഭ്യമാക്കിയിട്ടില്ല.

*ഗ്രാമപഞ്ചായത്തിന്റെ 13-3-2023ലെ 2/9നമ്പർ തീരുമാനപ്രകാരം ക്ളബ്ബുകൾക്ക് 20ഫുട്ബോളും സ്കൂളുകൾക്ക് 24ഫുട്ബോളും വാങ്ങി നൽകണം എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രോജക്ട് മുഖേന സ്കൂളുകൾക്ക് മാത്രമാണ് ഫുട്ബോളുകൾ വാങ്ങി നൽകിയിരിക്കുന്നത്. GEM Portalലിൽ നിന്ന് 18ഫുട്ബോളുകളും (ആയതിന് ബിൽ നം. 8/29-3-2023,പ്രകാരം Rs. 8064/- നൽകുകയും ചെയ്തിരിക്കുന്നു) New Sports Centre എന്ന സ്ഥാപനത്തിൽ നിന്ന് 24ഫുട്ബോളുകളും (1000രൂ. നിരക്കിൽ) വാങ്ങിയിട്ടുണ്ട്. ആയതിനാൽ സ്കൂളുകൾക്ക് ആകെ 24ഫുട്ബോൾ വാങ്ങേണ്ട സ്ഥാനത്ത് 42 (18+24=42) ഫുട്ബോളുകൾ വാങ്ങിയിട്ടുണ്ട്.

മേൽസൂചിപ്പിച്ച അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (16/13-9-2023, 20/14-9-2023) ലഭ്യമാക്കിയ മറുപടിയിൽ ആദ്യം GEM ൽ നിന്നും വാങ്ങിയ ഫുട്ബോളുകൾ ഗുണനിലവാരമില്ലാത്തതിനാൽ വീണ്ടും ക്വട്ടേഷൻ നടപടികൾ നടത്തി സാധനങ്ങൾ വാങ്ങി എന്നും വാങ്ങിയ സാധനങ്ങൾ എല്ലാം തന്നെ സ്കൂളുകൾക്ക് വിതരണം ചെയ്തിട്ടുണ്ട് എന്നും രേഖപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഒരു ലക്ഷം രൂപയിൽ താഴെ മാത്രമേ ബിൽത്തുക വരൂ എന്ന് കരുതിയാണ് ക്വട്ടേഷൻ നടപടികൾ സ്വീകരിച്ചത് എന്നും രേഖപ്പെടുത്തിയിട്ടുണ്ട്.

മറുപടികൾ അംഗീകരിക്കത്തക്കതല്ല. 24ഫുട്ബോൾ ആവശ്യമായിരിക്കെ 18 എണ്ണം ആദ്യം വാങ്ങുകയും പിന്നീട് 24എണ്ണം വാങ്ങുകയും ചെയ്തത് ക്രമപ്രകാരമല്ല. മറ്റു കളിസാധനങ്ങൾ ഒന്നും GEMൽ നിന്നും വാങ്ങാതെ ഫുട്ബോൾ മാത്രം GEMൽ നിന്നും വാങ്ങിയതിന്റെ കാരണവും വ്യക്തമല്ല. സാമ്പിൾ വാങ്ങാനാണെങ്കിൽ ഒരെണ്ണം മാത്രം വാങ്ങിയാൽ മതിയാകുന്നതാണ്. വാങ്ങിയ സാധനങ്ങൾ വിതരണം ചെയ്തു എന്ന് സൂചിപ്പിക്കുന്ന രസീതികളിൽ എല്ലാം സാധനങ്ങളുടെ എണ്ണങ്ങൾ വെട്ടിത്തിരുത്തി

രേഖപ്പെടുത്തിയിട്ടുള്ളതാണ്. അടങ്കൽ തുകയെ അടിസ്ഥാനമാക്കിയാണ് ക്വട്ടേഷനാണോ ടെണ്ടറാണോ എന്ന് തീരുമാനിക്കുന്നത്.

മേൽ സൂചിപ്പിച്ച കാരണങ്ങളാൽ ആകെ ചെലവ് തുക 106568രൂ. തടസ്സത്തിൽ വെയ്ക്കുന്നു.

## 1-27 സബ്സിഡി മാർഗരേഖയിലെ നിബന്ധനകൾക്ക് വ്യത്യസ്തമായി ആനുകൂല്യങ്ങൾ അനുവദിച്ചിരിക്കുന്നു

ജനറൽ കാറ്റഗറിയിൽ ഉൾപ്പെടുന്ന വിദ്യാർത്ഥികൾക്ക് LSS/USSപരിശീലനത്തിന് തുക അനുവദിച്ചിരിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്ട് നം. , പേര് :SO 188/2023- LSS/USS പരിശീലനം

അടങ്കൽ, ഫണ്ടിനം : വികസന ഫണ്ട്(ജനറൽ)

ബിൽ വിവരങ്ങൾ : നം. 6/21-3-2023 - 49840

സ.ഉ. നം. 115/2022, ത.സ്വ.ഭ. വ. തിയ്യതി 28-5-2022 പ്രകാരമുള്ള സബ്സിഡി മാർഗരേഖയിൽ ഖണ്ഡിക 7.2.8പ്രകാരം എസ്.സി/എസ്.ടി . വിഭാഗത്തിൽ ഉൾപ്പെടുന്ന വിദ്യാർത്ഥികൾക്ക് പരിശീലനം നൽകുന്ന പ്രോജക്ടുകൾ ഏറ്റെടുക്കാം എന്ന് സൂചിപ്പിച്ചിട്ടുണ്ട്. ഇത് ജനറൽ വിഭാഗത്തിന് ബാധകമല്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (18/13-9-2023) ലഭ്യമാക്കിയ മറുപടിയിൽ ടി പ്രോജക്ടിൽ എസ്. സി. വിഭാഗത്തിൽ ഉൾപ്പെടുന്ന കുട്ടികളും ഉൾപ്പെട്ടിട്ടുണ്ട് എന്നതിനാലാണ് ആനുകൂല്യം നൽകിയത് എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. മറുപടി അംഗീകരിക്കത്തക്കതല്ല എങ്കിലും ഫണ്ടിന്റെ വക മാറ്റൽ മാത്രമായതിനാൽ മേലിൽ എസ്. സി പ്രോജക്ട് ആയി രൂപീകരിച്ച് തന്നെ ഇത്തരം ആനുകൂല്യങ്ങൾ അനുവദിക്കുന്നതിന് ശ്രദ്ധിക്കുന്നതിന് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-28 ഇ-ടെൻണ്ടർ ഫീസ് ഇനത്തിൽ തുകകൾ പഞ്ചായത്തിന്റെ തനതുഫണ്ടിൽ യഥാസമയം അടവാക്കുന്നില്ല

ഇ-ടെൻണ്ടർ നടത്തുമ്പോൾ ടെണ്ടർ ഫീസ് ഇനത്തിൽ അസി. എഞ്ചിനീയറുടെ അക്കൗണ്ടിലേക്ക് വരുന്ന തുകകൾ പഞ്ചായത്തിന്റെ തനതുഫണ്ടിൽ യഥാസമയം അടവാക്കുന്നില്ല.

അസി. എൻജിനിയർ ഇ-ടെൻണ്ടർനടത്തുമ്പോൾ ടെൻണ്ടർ ഫീ അടവാക്കുന്നതിന് എസ്.ബി.ഐയിൽ പ്രത്യേക ബാങ്ക് അക്കൗണ്ട് തുടങ്ങണമെന്ന് സ.ഉ.(സാധാ) നം.3186/17/ ത.സ്വ.ഭ.വ, തീയ്യതി. 2-10-2017 പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. കൂടാതെ ഈ അക്കൗണ്ടിൽ വരവ് ഉണ്ടാകുന്ന തുകകൾ ഗ്രാമപഞ്ചായത്തിന്റെ തനതുഫണ്ടിലേക്ക് മുതൽക്കൂട്ടണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ അസി.എൻജിനിയർ ഇ-ടെൻണ്ടർ നടത്തുമ്പോൾ ടെൻണ്ടർ ഫീ അടവാക്കുന്നതിന് ഉപയോഗിക്കുന്ന ബാങ്ക് അക്കൗണ്ടിൽ (നം. 37367208624- SBI) 31-3-2023ൽ ബാലൻസുള്ള 386026രൂ. പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നാളിതുവരെ അടവാക്കിയിട്ടില്ല . അതിന് ശേഷം വന്ന തുകകളും തനത് ഫണ്ടിലേക്ക് അടവാക്കിയിട്ടില്ല. സാമ്പത്തിക വർഷം അവസാനിച്ചിട്ടും ടി തുകകൾ തനത് ഫണ്ടിലേക്ക് കൈമാറാത്തത് ക്രമപ്രകാരമല്ല. ഇതുസംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ഇത് ശ്രദ്ധയിൽ പെട്ടിരുന്നില്ല എന്നും ഉടൻതന്നെ ഈ തുകകൾ തനത് ഫണ്ടിലേക്ക് അടവാക്കാം എന്നും അറിയിച്ചിട്ടുണ്ട്.

നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം-3/8-9-2023)

## 1-29 റജിസ്റ്ററുകളിലെ രേഖപ്പെടുത്തലുകൾ ക്രമപ്രകാരമല്ല

അസി.എഞ്ചിനീയർ നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ സംബന്ധിച്ച് റജിസ്റ്ററുകളിലെ രേഖപ്പെടുത്തലുകൾ ക്രമപ്രകാരമല്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. ക്യാഷ് ബുക്ക് പൂർണമല്ല

2022-23സാമ്പത്തിക വർഷത്തിലെ ക്യാഷ് ബുക്ക് ആരംഭിച്ചത് പോലും 21-7-2022ൽ മാത്രമാണ്. ഏതെങ്കിലും ബില്ലുകൾ നൽകിയാൽ ആയതിന്റെ വിവരങ്ങൾ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ദിനം പ്രതി ക്യാഷ്ബുക്ക് എഴുതുന്നില്ല. മുൻബാക്കി, ദിവസത്തെ ആകെ വരവ് , ആകെ ചെലവ് , നീക്കിബാക്കി എന്നിവ രേഖപ്പെടുത്തുന്നില്ല. 31-3-2023ന് മാത്രമാണ് കസ്റ്റോഡിയൻ ഉദ്യോഗസ്ഥനായ അസി.എഞ്ചിനീയർ ഒപ്പ് രേഖപ്പെടുത്തിയിട്ടുള്ളത്. മറ്റു ദിവസങ്ങളിൽ ക്യാഷ് ബുക്ക് സാക്ഷ്യപ്പെടുത്തയിട്ടില്ല.

2) ലോഗ് ബുക്കിൽ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

പ്രോജക്ട് നം. 189/23 പ്രകാരം എൽ.എസ്. ജി.ഡി. ഓഫീസിലേക്ക് വാഹനം ലഭ്യമാക്കൽ എന്നതിന്റെ രേഖകൾ പരിശോധിച്ചതിൽ ഇതോടൊപ്പം സൂക്ഷിച്ചിട്ടുള്ള ലോഗ് ബുക്കിൽ പല ദിവസങ്ങളിലും അസി. എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

(ഉദാ. 28/10/2022, 31/10/2022, 1/11/2022, 3/11/2022, 4/11/2022, 7/11/2022 തുടങ്ങിയ ദിനങ്ങൾ)

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (26/14-9-2023) മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളും രജിസ്റ്ററുകളും കാലികമാക്കി സൂക്ഷിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-30 എൽ.എസ്. ജി.ഡി. ഓഫീസിലേക്ക് വാഹനം ലഭ്യമാക്കൽ - അധിക തുക അനുവദിച്ചിരിക്കുന്നു

അസി .എഞ്ചിനീയർ നിർവ്വഹണം നടത്തിയ പ്രോജക്ട് നം. 189/23 പ്രകാരം എൽ.എസ്. ജി.ഡി. ഓഫീസിലേക്ക് വാഹനം ലഭ്യമാക്കൽ (തനത് ഫണ്ട് ) എന്നതിന്റെ ലോഗ് ബുക്കുകൾ, രേഖകൾ പരിശോധിച്ചതിൽ താഴെസൂചിപ്പിക്കും പ്രകാരമാണ് വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടുള്ളത്.

| മാസം | ആകെ ഓടിയ ദൂരം (കി.മീ) | നൽകിയ തുക | വൗച്ചർ നം., തീയ്യതി, തുക |
|---|---|---|---|
| October 2022 | 2569 | 35802 | 22200607/ 7-11-22 |
| November 2022 | 2197 | 36000 | 22200679/ 6-12-22 |
| December 2022 | 1980 | 36000 | 22200770/ 5-1-23 |
| January 2023 | 1771 | 36000 | 22200920/ 9-2-23 |
| February2023 | 1563 | 36000 | 22200994/ 2-3-23 |
| March 2023 | 1144 | 36000 | 22201143/ 31-3-23 |
| Total | 11224 | 215802 | |

ടി പ്രോജക്ട് സംബന്ധിച്ചുള്ള ദർഘാസ് നിബന്ധനകളിൽ പ്രതിമാസം പരമാവധി 2000കിലോമീറ്റർ ദൂരത്തിനുള്ള വാടകയ്ക്ക് അർഹത ഉണ്ടായിരിക്കും എന്നും ഈ പരിധി 36000രൂപയിൽ കവിയരുത് എന്നും വ്യക്തമാക്കിയിട്ടുണ്ട്. 36000രൂപയിൽ കവിയുന്ന മാസങ്ങളിൽ ആയത് ത്രൈമാസികമായി ക്രമീകരിക്കാം എന്നും വ്യക്തമാക്കിയിട്ടുണ്ട്. ഇതിന്റെ ക്വട്ടേഷൻ ലഭിച്ചിട്ടുള്ള ശ്രീ.പ്രദീപ് കുമാർ കിലോമീറ്ററിന് 18രൂ. ആണ് നിരക്ക് രേഖപ്പെടുത്തിയിട്ടുള്ളത്. ആയത് പ്രകാരം ഓരോ മാസവും ടിയാന് നൽകിയ തുകകൾ

പരിശോധിച്ചപ്പോൾ അനുവദനീയമായ പരിധിയിൽ അധികം നൽകിയതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| മാസം | സഞ്ചരിച്ച ദൂരം | അനുവദനീയമായ തുക | ത്രൈമാസികമായി പരമാവധി അനുവദിക്കാൻ കഴിയുന്ന തുക | അനുവദിച്ച തുക | അധികം അനുവദിച്ചത് |
|---|---|---|---|---|---|
| October 2022 | 2569 | 46242 | 36000 X3= 108000 | 35802 | 0 |
| November 2022 | 2197 | 39546 | | 36000 | |
| December 2022 | 1980 | 35640 | | 36000 | |
| January 2023 | 1771 | 31878 | 80604 | 36000 | 27396 |
| February2023 | 1563 | 28134 | | 36000 | |
| March 2023 | 1144 | 20592 | | 36000 | |
| ആകെ അധികം അനുവദിച്ചത് | | | | | 27396 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (25/14-9-2023) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ അധികം നൽകിയ 27396രൂ. ഉത്തരവാദിയായ അസി. എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്. വിശദമായ ഖണ്ഡിക 3-1 ആയി ചേർത്തിട്ടുണ്ട്.

1-31 പഞ്ചായത്തിന് വിട്ടു കിട്ടിയ സ്ഥലത്തിന്റെ വിവരം ആസ്തിരജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല, ഉടമസ്ഥാവകാശം കൈമാറിയിട്ടില്ല

കരിമ്പുഴ ഗ്രാമ പഞ്ചായത്തിന് 2022-23വർഷം ചുള്ളിയോട് അംഗനവാടിക്ക് സ്ഥലം വാങ്ങൽ , ജലജീവൻ പദ്ധതിക്കായി വാട്ടർടാങ്ക് സ്ഥാപിക്കാൻ സ്ഥലം വാങ്ങൽ പദ്ധതികൾ പ്രകാരം ഗ്രാമ പഞ്ചായത്ത് സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി സ്ഥലം വാങ്ങിയിട്ടുണ്ട്. ഇതു കൂടാതെ പഞ്ചായത്തിന് അംഗനവാടി കെട്ടിട നിർമ്മാണത്തിനായി ഭൂമി ദാനമായി ലഭ്യമായിട്ടുണ്ട്.വിശദ വിവരം താഴെ കൊടുക്കുന്നു.

1)ചുള്ളിയോട് അങ്കണവാടി സ്ഥലം വാങ്ങൽ ( പ്രൊജക്ട് നം 229/23)

05.01.2022 അങ്കണവാടിക്ക് സ്ഥലം വാങ്ങൽ പദ്ധതിക്ക് താത്പര്യപത്രം ക്ഷണിച്ചതിൽ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ മുഹമ്മദാലി, എലുമ്പലാശ്ശേരി എന്നയാളുടെ സ്ഥലം ഏറ്റെടുക്കുന്നതിന് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അനുമതി നൽകിയിട്ടുണ്ട്.

അടങ്കൽ- 250000/- തനതുഫണ്ട്

ചെലവ് 250000/-

| ബിൽ നം തിയ്യതി | സ്ഥലത്തിന്റെ വിസ്തീർണ്ണം | ആധാരം രജിസ്റ്റർ ചെയ്ത വിവരം | റീ സർവേ നം |
|---|---|---|---|
| | 5സെന്റ്( 2.05are) | 14.02.2023 തിയ്യതിയിൽ 1ാം പുസ്തകത്തിൽ 832 വാല്യം 199 മുതൽ 206 വരെ 555 നമ്പറായി രജിസ്റ്റർ ചെയ്തിരിക്കുന്നു | 163/2 |

| അനുയോജ്യ സാക്ഷ്യപത്രം നം 21.12.22ലെ ഉത്തരവ് നം DDP-PKD/2929/2022-E5 |
|---|

2)ജലജീവൻ മിഷൻ പദ്ധതി -സ്ഥലം വാങ്ങൽ(പ്രൊജക്ട് നം 232/23)

കേന്ദ്ര സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പാക്കുന്ന ജലജീവൻ പദ്ധതിയിൽ ഉൾപ്പെടുത്തി3.5ലക്ഷം ലിറ്റർ ഉന്നത ജല സംഭരണി നിർമ്മിക്കുന്നതിന് സ്ഥലം കുഞ്ഞുമോൻ,കരിയോട്മല എന്നയാളിൽ നിന്ന് 5സെന്റ് വാങ്ങാൻ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അനുമതി നൽകിയിട്ടുണ്ട്

അടങ്കൽ- 150000/- തനതുഫണ്ട്

ചെലവ് 145200/-

| ബിൽ നം തിയ്യതി | സ്ഥലത്തിന്റെ വിസ്തീർണ്ണം | ആധാരം രജിസ്റ്റർ ചെയ്ത വിവരം | റീ സർവേ നം |
|---|---|---|---|
| | 1.96 Are | 14.02.2023 തിയ്യതിയിൽ 1ാം പുസ്തകത്തിൽ 832 വാല്യം 207 മുതൽ 214 വരെ 556 നമ്പറായി രജിസ്റ്റർ ചെയ്തിരിക്കുന്നു | 9/2 |
| അനുയോജ്യ സാക്ഷ്യപത്രം നം 31.01.23ലെ ഉത്തരവ് നം DDP-PKD/2930/2022-E5 | | | |

3) 1-വാർഡ് അങ്കണവാടി കെട്ടിട നിർമ്മാണത്തിന് സ്ഥലം വിട്ടു നൽകൽ

അംഗനവാടി കെട്ടിടം നിർമ്മിക്കുന്നതിന് ഒന്നാം വാർഡിൽ ശ്രീമതി.തങ്കമണി , കുലിക്കിലിയാട് എന്ന വ്യക്തി 2.03 Are വിസ്തീർണ്ണം സ്ഥലം പഞ്ചായത്തിന് സൗജന്യമായി വിട്ടുകൊടുക്കുകയും 05/01/2023 തിയ്യതിയിൽ 2023 1ാം പുസ്തകം 1242ാം വാല്യം ,പേജ് 41 മുതൽ 48 വരെ , 72-ാം നമ്പറായി ശ്രീ.സന്തോഷ് , ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ രജിസ്ററർ ചെയ്തിട്ടുണ്ട്.

മേൽ പറഞ്ഞ ആസ്തികൾ സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നൽകിയതിന്റെയും (6/12.09.23) മറുപടി ലഭ്യമാക്കിയതിന്റെയും അടിസ്ഥാനത്തിലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു

1) പ്രസ്തുത ഭൂമി സെക്രട്ടറിയുടെ പേരിൽ രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിലും ഭൂമിയുടെ ഉടമസ്ഥാവകാശം വില്ലേജ് ഓഫീസ് രേഖകളിൽ മാറ്റം വരുത്തിയതായി കാണുന്നില്ല. ആയതിന് രേഖാമൂലം മറുപടി ലഭ്യമാക്കിയില്ല

2) ആസ്തി രജിസ്റ്ററിൽ 2022-23വർഷം ആർജ്ജിച്ച വസ്തു വകകൾ ഉൾപ്പെടുത്തിയിട്ടില്ല. ആധാരം രജിസ്റ്റർ ചെയ്ത് അസ്സൽ ആധാരം ലഭിക്കുന്നതിന് കാലതാമസം നേരിട്ടതിനാലും സാമ്പത്തിക വർഷാവസാനം സചിത്ര സോഫ്റ്റ്‌വെയർ ബ്ളോക്ക് ആയതിനാലും അസ്സറ്റ് രജിസ്റ്ററിൽ ഈ സ്ഥലങ്ങൾ ചേർക്കാൻ കഴിഞ്ഞില്ലെന്ന് മറുപടി അറിയിച്ചിട്ടുണ്ട്.

3) പതിനാലാം പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 8.1.3 അനുസരിച്ച് അനുയോജ്യതാ സർട്ടിഫിക്കറ്റിനുള്ള അപേക്ഷകൾ ജില്ലാ പ്ളാനിംങ്ങ് ഓഫീസർ, ജോയിന്റ് ഡയറക്ടർ,(തദ്ദേശ സ്വയംഭരണ വകുപ്പ്), വികസന വകുപ്പിന്റെ ജില്ലാതല ഉദ്യോഗസ്ഥൻ എന്നിവരടങ്ങിയ കമ്മിറ്റി പരിശോധിച്ച് തീരുമാനമെടുക്കേണ്ടതും ജോയിന്റ് ഡയറക്ടർ, (തദ്ദേശ സ്വയംഭരണ വകുപ്പ്) അനുയോജ്യതാ സാക്ഷ്യപത്രം നൽകേണ്ടതുമാണ് എന്നതാണ്. എന്നാൽ ഐ.സി.ഡി.എസ്. സൂപ്പർവൈസറാണ് ഈ രേഖ നൽകിയിരിക്കുന്നത്. മറുപടി ലഭ്യമാക്കിയിട്ടില്ല

4) പ്രത്യേക വികസന ആവശ്യത്തിനാണ് ഭൂമി വാങ്ങൽ പ്രവൃത്തി നടത്തിയിട്ടുള്ളത്. നിലവിൽ

അങ്കണവാടി കെട്ടിടനിർമ്മാണത്തിന്റെ വിവരം, ജലജീവൻ പദ്ധതി - വാട്ടർ ടാങ്കിന്റെ നിർമ്മാണം എന്നിവയുടെ പ്രവൃത്തി പുരോഗതി വിവരം അന്വേഷിച്ചതിൽ 2023-24പദ്ധതിയിൽ അങ്കണവാടി നിർമ്മാണം പ്രൊജക്ട് വച്ചിട്ടുണ്ട് എന്നും വാട്ടർ ടാങ്ക് നിർമ്മാണം നടത്തിയിട്ടില്ല എന്നുമാണ് അറിയിച്ചിട്ടുള്ളത്.

മേൽ പറഞ്ഞ അപാകതകൾ പരിഹരിച്ച് പഞ്ചായത്തിന്റെ ആസ്തി വിവരം ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-32 വി.ഇ.ഒ നടപ്പിലാക്കിയ പദ്ധതികൾ-ബിൽ ഹാജരാക്കിയില്ല

| | |
|---|---|
| പ്രോജക്ടിന്റെ നമ്പർ | 44/23 |
| പ്രോജക്ടിന്റെ പേര് | ഹരിതകർമ്മസേനയ്ക്ക് സുരക്ഷ ഉപകരണങ്ങൾ വാങ്ങൽ |
| നിർവഹണോദ്യോഗസ്ഥൻ | വി.ഇ.ഒ |
| അടങ്കൽ | 24500/- |
| ചെലവ് | 23520/- (തനത് ഫണ്ട്) |
| ബിൽ നമ്പർ തീയതി | SO Number: 28/25.08.2022 |

ഹരിതകർമ്മസേനയ്ക്ക് സുരക്ഷ ഉപകരണങ്ങൾ വാങ്ങൽ എന്ന പദ്ധതിയിൽ ഹരിതകർമ്മസേനാംഗങ്ങൾക്ക് ഗ്ലൗസ്, തൊപ്പി, മഴക്കോട്ട് എന്നിവ വാങ്ങിനൽകുന്നതിനാണ് പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്. ഇതിനായി ക്വട്ടേഷൻ ക്ഷണിക്കുകയും ഏറ്റവും കുറവ് തുക ക്വാട്ട് ചെയ്ത സിൽസില ഹാർഡ് വെയർ, പൊന്ത്ര എന്ന സ്ഥാപനത്തിൽനിന്നും 840/- രൂപ നിരക്കിൽ ഗ്ലൗസ്, തൊപ്പി, മഴക്കോട്ട് എന്നിവ 28 എണ്ണം വീതം വാങ്ങുകയും 23520/- രൂപ മേൽ ബിൽ പ്രകാരം അനുവദിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഫയൽ പരിശോധിച്ചതിൽ സിൽസില ഹാർഡ് വെയർ സ്ഥാപനത്തിൽനിന്നും ഉപകരണങ്ങൾ വാങ്ങിയതിന്റെ ഒറിജിനൽ ജി.എസ്.ടി ബിൽ ഹാജരാക്കിയിട്ടില്ല. പകരം ഒരു എസ്റ്റിമേറ്റ് ബിൽ മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്. സ്ഥാപനത്തിന്റെ ജി.എസ്.ടി രജിസ്ട്രേഷൻ പരിശോധിച്ചതിൽ സ്ഥാപനത്തിന് ജി.എസ്.ടി രജിസ്ട്രേഷൻ ഉള്ളതായി ( GSTIN Number- 32ANWPN7600G1ZU) കാണുന്നു. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.24/14.09.2023) മറുപടി ലഭിച്ചിട്ടില്ല. ബിൽ ഹാജരാക്കാത്തതിനാൽ ടി പദ്ധതി നടപ്പിലാക്കിയതിന്റെ ചിലവ് തുക 23520/- രൂപ തടസപ്പെടുത്തുന്നു.

### 1-33 ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി ആനുകൂല്യം വർഷം മുഴുവനും ലഭ്യമായില്ല

ഗ്രാമപഞ്ചായത്തിലെ ക്ഷീരകർഷകരുടെ ഉന്നമനം ലക്ഷ്യമാക്കിയും പാലുൽപാദനം വർദ്ധിപ്പിക്കുക എന്ന നേട്ടം കൈവരിക്കുന്നതിനുമായി 2022-23 വർഷത്തിൽ പാലിന് സബ്സിഡി നൽകുന്നതിനായി ക്ഷീര വികസന ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥയായി പ്രോജക്റ്റ് ഏറ്റെടുത്തിട്ടുണ്ട്. 2021 ഏപ്രിൽ മുതൽ 2022 മാർച്ച് വരെ പാലളക്കുന്ന എല്ലാ ക്ഷീരകർഷകർക്കും ലിറ്റർ ഒന്നിന് പരമാവധി 3 രൂപ നിരക്കിൽ സബ്സിഡി നല്കുന്നതിനാണ് ഈ പ്രോജക്റ്റ് വിഭാവനം ചെയ്തിട്ടുള്ളത്. ഒരു വ്യക്തിക്ക് പരമാവധി 40000/- രൂപ മാത്രവും ഒരു റേഷൻകാർഡിൽ ഉൾപ്പെട്ടവരെ ഒരു കുടുംബമായി പരിഗണിച്ച് ഒരു കുടുംബത്തിലെ ഒരാൾക്ക് മാത്രമേ സബ്സിഡി അനുവദിക്കുകയുള്ളൂ എന്നതിന്റെ അടിസ്ഥാനത്തിൽ ത്രിതലപഞ്ചായത്ത് വകയിരുത്തിയിട്ടുള്ള തുകയിൽനിന്നും കർഷകർക്ക് സബ്സിഡി നല്കിയിട്ടുണ്ട്. പ്രസ്തുത കാലയളവിൽ പ്രൊജക്ട് ലക്ഷ്യം വച്ച പ്രകാരം ആനുകൂല്യം മുഴുവൻ മാസങ്ങളിലും മുഴുവൻ തുകയും അനുവദിച്ചിട്ടുണ്ടോ എന്ന് പരിശോധിച്ചതിൽ 7 ക്ഷീര സഹകരണസംഘങ്ങളുടെ കീഴിലുള്ളവർക്ക് സാമ്പത്തികവർഷം മുഴുവനുമായി ആനുകൂല്യം നൽകാൻ കഴിഞ്ഞിട്ടില്ല എന്ന് കണ്ടെത്തി.

പ്രോജക്റ്റിന്റെ ചെലവ് വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പ്രോജക്റ്റ് | അടങ്കൽ | ബിൽ നം/ തീയതി | തുക | സബ്സിഡി യായി തുക നല്കിയ മാസങ്ങൾ |
|---|---|---|---|---|
| 90/23 ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി നൽകൽ – ജനറൽ | വികസന ഫണ്ട്- ജനറൽ 8,00,000 | 01/23തീ. 24.01.23 02/23തീ 24.01.23 03/23തീ 24.01.23 04/23തീ. 24.01.23 05/23തീ 24.01.23 06/23തീ. 24.01.23 07/23തീ. 24.01.23 | 8,00,000 | 2022 ഏപ്രിൽ മുതൽ 2022 ജൂൺ വരെ (ലിറ്ററിന് 3രൂപ വച്ച്) 2022ജൂലായ്, ആഗസ്റ്റ് (ലിറ്ററിന് 2.6രൂപ വച്ച്) 475 ഗുണഭോക്താക്കൾ |
| | ബ്ളോക്ക് പഞ്ചായത്ത്- 140000 | 08/23തീ. 25.01.23 9/23തീ 25.01.23 10/23 തീ.25.01.23 11/23തീ. 25.01.23 12/23തീ. 25.01.23 13/23തീ. 25.01.23 14/23തീ. 25.01.23 | 140000/- | 2022 ആഗസ്റ്റ് (0.4പൈസലിറ്റർ) 2022 സെപ്റ്റംബർ (ലിറ്ററിന് 0.4പൈസ വച്ച്) |
| | ജില്ലാ പഞ്ചായത്ത്- 125000 | 15/23തീ.13.03.23 16/23തീ. 13.03.23 17/23തീ. 13.03.23 18/23തീ. | 125000/- | 2022 സെപ്റ്റംബർ (ലിറ്ററിന് 1.363രൂപ വച്ച്) മുതൽ 2022 ഒക്ടോബർ വരെ (ലിറ്ററിന് |

| | | | | |
|---|---|---|---|---|
| | | 13.03.23<br>19/23തീ.<br>13.03.23<br>20/23തീ.<br>13.03.23<br>21/23തീ.<br>13.03.23 | | 0.436പൈസ വച്ച്)<br>(417<br>ഗുണഭോക്താക്കൾക്ക്) |

മുഴുവൻ കാലയളവിലേക്കും ആവശ്യമായ തുക വകയിരുത്തി ആനുകൂല്യം നൽകാതിരുന്നതിനും ഗ്രാമപഞ്ചായത്ത്, ബ്ലോക്ക്, ജില്ലാ പഞ്ചായത്ത് വിഹിതം കൂടുതൽ വകയിരുത്താത്തതിനും വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(15/13.09.23) മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രൊജക്റ്റ് ലക്ഷ്യം വച്ച പ്രകാരം ആനുകൂല്യം മുഴുവൻ മാസങ്ങളിലും നൽകാൻ വേണ്ട ശ്രമങ്ങളുണ്ടാവേണ്ടതാണ്.

### 1-34 പദ്ധതി രൂപീകരണം -നിർവഹണം മോണിറ്ററിംങ് ചെലവുകൾ പദ്ധതി ലക്ഷ്യം വ്യതിചലിക്കുന്നു

പ്രൊജക്റ്റ് നം- 26/23

അടങ്കൽ- 300000 (തനതുഫണ്ട്)

ചെലവ് -294293/- രൂപ

| ക്ര നം | ബിൽ നം | തിയ്യതി | തുക |
|---|---|---|---|
| 1 | 40 | 05.09.22 | 7686 |
| 2 | 51 | 24.09.22 | 70500 |
| 3 | 58 | 13.10.22 | 10248 |
| 4 | 60 | 17.10.22 | 55400 |
| 5 | 137 | 04.01.23 | 7686 |
| 6 | 147 | 11.01.23 | 19200 |
| 7 | 176 | 25.01.23 | 26936 |
| 8 | 186 | 02.02.23 | 7000 |
| 9 | 187 | 02.02.23 | 2840 |
| 10 | 224 | 27.02.23 | 7686 |
| 11 | 274 | 14.03.23 | 21750 |
| 12 | 409 | 31.03.23 | 49675 |
| 13 | 322 | 23.03.23 | 7686 |
| | | | 294293/- |

നിർവഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

2022-23 വർഷത്തെ വാർഷിക പദ്ധതിയുമായി ബന്ധപ്പെട്ട ചെലവുകൾക്ക് തുക നൽകുന്നതിന് തനതുഫണ്ടിൽ നിന്ന് മേൽപറഞ്ഞ പ്രകാരം തുക വകയിരുത്തിയിട്ടുണ്ട്. പതിനാലാം പദ്ധതി സബ്സിഡി മാർഗ്ഗരേഖ സ.ഉ(കൈ) നം 115/22/LSGD തിയ്യതി 28.05.22 ,ഖണ്ഡിക 6.5.ഡി യിൽ

പ്രതിപാദിക്കുന്ന പ്രാദേശിക സാമ്പത്തിക വികസന പദ്ധതി തയ്യാറാക്കുന്നതിന്റെ ഭാഗമായുള്ള മുന്നൊരുക്കപ്രവർത്തനങ്ങൾക്കും സംഘടനാ പ്രവർത്തനങ്ങൾക്കും മാത്രമേ തുക ചെലവഴിക്കാൻ കഴിയൂ എന്നിരിക്കെ താഴെ പറയുന്ന ബില്ലുകൾ പ്രകാരം പദ്ധതിയുമായി ബന്ധമില്ലാത്ത പ്രവർത്തനങ്ങൾക്ക് വിനിയോഗിച്ചതായി കാണുന്നു. വിശദവിവരം താഴെ കൊടുക്കുന്നു.

| ക്ര നം | ബിൽ നം | തിയ്യതി | തുക | പദ്ധതിയേതര പ്രവർത്തനങ്ങൾക്ക് ചെലവഴിച്ചത് |
|---|---|---|---|---|
| 1 | 176 | 25.01.23 | 26936 | 1)മണികണ്ഠൻ.എൻ എന്ന വ്യക്തിക്ക് 4500/-പാലിയേറ്റീവ് സെക്കന്റ് യൂണിറ്റിന്റെ ഉത്ഘാടനത്തിന് പന്തൽ , ചെയർ, കർട്ടൻ എന്നിവ സജ്ജീകരിച്ചതിന് തുക നൽകിയിരിക്കുന്നു.<br>2)ഇതേ പ്രവർത്തനത്തിനായി 5350രൂപ മൈക്ക് സൗണ്ട് സിസ്റ്റം, ജനറേറ്റർ എന്നിവ സെറ്റ് ചെയ്തതിന് ബഷീർ.എൻ ന് നൽകിയിരിക്കുന്നു. |
| 2 | 186 | 02.02.23 | 7000 | സ്കൂൾ വിദ്യാർത്ഥികൾക്കുള്ള പ്രഭാത ഭക്ഷണം പദ്ധതി ഉദ്ഘാടനത്തിന് പന്തൽ, ചെയർ, മൈക്ക്, സൗണ്ട് സിസ്റ്റം ജനറേറ്റർ എന്നിവ സജ്ജീകരിച്ച വകയിൽ ബഷീർ.എൻ ന് നൽകിയിരിക്കുന്നു |

പദ്ധതി ലക്ഷ്യം വ്യതിചലിച്ച് ചെലവ് ചെയ്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് 17/13.09.23 മറുപടി ലഭ്യമാക്കിയതിൽ സർക്കാർ ഉത്തരവ് പ്രകാരം ഉത്ഘാടന ചെലവുകൾക്ക് 25000/-രൂപ വരെ തനതു ഫണ്ടിൽ നിന്ന് ചെലവു ചെയ്യാമെന്ന് വ്യക്തമാക്കിയിട്ടുണ്ട് എന്നതാണ് . എന്നാൽ പദ്ധതി രൂപീകരണ ചെലവുകൾ നടത്തുന്നതിനുള്ള പ്രൊജക്ട് നിർവഹണ ചെലവിൽ ഈ ഇനം ഉൾപ്പെടുത്താവുന്നതല്ല. പദ്ധതി രൂപീകരണ പ്രവർത്തനവുമായി ബന്ധമില്ലാത്ത ചെലവുകൾക്ക് തുക ഇത്തരത്തിൽ ചെലവു ചെയ്യുന്ന പ്രവണത ഒഴിവാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 എൽ.എസ്. ജി.ഡി. ഓഫീസിലേക്ക് വാഹനം ലഭ്യമാക്കൽ - അധിക തുക അനുവദിച്ചിരിക്കുന്നു

അസി .എഞ്ചിനീയർ നിർവ്വഹണം നടത്തിയ പ്രോജക്ട് നം. 189/23 പ്രകാരം എൽ.എസ്. ജി.ഡി. ഓഫീസിലേക്ക് വാഹനം ലഭ്യമാക്കൽ (തനത് ഫണ്ട് ) എന്നതിന്റെ ലോഗ് ബുക്കുകൾ, രേഖകൾ പരിശോധിച്ചതിൽ താഴെസൂചിപ്പിക്കും പ്രകാരമാണ് വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടുള്ളത്.

| മാസം | ആകെ ഓടിയ ദൂരം (കി.മീ) | നൽകിയ തുക | വൗച്ചർ നം., തീയ്യതി, തുക |
|---|---|---|---|
| October 2022 | 2569 | 35802 | 22200607/ 7-11-22 |
| November 2022 | 2197 | 36000 | 22200679/ 6-12-22 |
| December 2022 | 1980 | 36000 | 22200770/ 5-1-23 |
| January 2023 | 1771 | 36000 | 22200920/ 9-2-23 |
| February2023 | 1563 | 36000 | 22200994/ 2-3-23 |
| March 2023 | 1144 | 36000 | 22201143/ 31-3-23 |
| Total | 11224 | 215802 | |

ടി പ്രോജക്ട് സംബന്ധിച്ചുള്ള ദർഘാസ് നിബന്ധനകളിൽ പ്രതിമാസം പരമാവധി 2000കിലോമീറ്റർ ദൂരത്തിനുള്ള വാടകയ്ക്ക് അർഹത ഉണ്ടായിരിക്കും എന്നും ഈ പരിധി 36000രൂപയിൽ കവിയരുത് എന്നും വ്യക്തമാക്കിയിട്ടുണ്ട്. 36000രൂപയിൽ കവിയുന്ന മാസങ്ങളിൽ ആയത് ത്രൈമാസികമായി ക്രമീകരിക്കാം എന്നും വ്യക്തമാക്കിയിട്ടുണ്ട്. ഇതിന്റെ ക്വട്ടേഷൻ ലഭിച്ചിട്ടുള്ള ശ്രീ.പ്രദീപ്കുമാർ കിലോമീറ്ററിന് 18രൂ. ആണ് നിരക്ക് രേഖപ്പെടുത്തിയിട്ടുള്ളത്. ആയത് പ്രകാരം ഓരോ മാസവും ടിയാന് നൽകിയ തുകകൾ പരിശോധിച്ചപ്പോൾ അനുവദനീയമായ പരിധിയിൽ അധികം നൽകിയതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| മാസം | സഞ്ചരിച്ച ദൂരം | അനുവദനീയമായ തുക | ത്രൈമാസികമായി പരമാവധി അനുവദിക്കാൻ കഴിയുന്ന തുക | അനുവദിച്ച തുക | അധികം അനുവദിച്ചത് |
|---|---|---|---|---|---|
| October 2022 | 2569 | 46242 | 36000 X3= 108000 | 35802 | 0 |
| November 2022 | 2197 | 39546 | | 36000 | |
| December 2022 | 1980 | 35640 | | 36000 | |
| January 2023 | 1771 | 31878 | 80604 | 36000 | 27396 |

| | | | | | |
|---|---|---|---|---|---|
| February2023 | 1563 | 28134 | | 36000 | |
| March 2023 | 1144 | 20592 | | 36000 | |
| ആകെ അധികം അനുവദിച്ചത് | | | | | 27396 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (25/14-9-2023) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ അധികം നൽകിയ 27396 രൂപ ഉത്തരവാദിയായ അസി. എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2022-23 | 04.09.2023 മുതൽ 14.09.2023 വരെ | ഓഡിറ്റ് സാക്ഷ്യപത്രം അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്. |

### 4-2 സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| പാലക്കാട് ജില്ലാ പഞ്ചായത്ത് | 2022-23 | 200000 | 224/23 – ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 200000 | 0 |
| ശ്രീകൃഷ്ണപുരം ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 150000 | 224/23 – ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 150000 | 0 |
| പാലക്കാട് ജില്ലാ പഞ്ചായത്ത് | 2022-23 | 125000 | 90/23 – ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി നൽകൽ | 125000 | 0 |
| ശ്രീകൃഷ്ണപുരം ബ്ലോക്ക് | 2022-23 | 140000 | 90/23 – ക്ഷീരകർഷകർക്ക് | 140000 | 0 |

| | | | | | |
|---|---|---|---|---|---|
| പഞ്ചായത്ത് | | | പാലിന് സബ്സിഡി നൽകല് | | |
| ശ്രീകൃഷ്ണപുരം ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 360000 | 47/23 – ലൈഫ് മിഷൻ എസ് സി | 360000 | 0 |
| പാലക്കാട് ജില്ലാ പഞ്ചായത്ത് | 2022-23 | 140650 | 97/23 – വയലേല നെൽകൃഷി വികസനം | 140650 | 0 |
| ശ്രീകൃഷ്ണപുരം ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 249500 | 154/23 – നെൽകൃഷിക്ക് കൂലിചെലവ് സബ്സിഡി | 249500 | 0 |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ | ഡെപ്പോസിറ്റ് തുക | ബാക്കി |
|---|---|---|---|---|
| KSEB Ltd. | 109/23 – ഇലക്ട്രിക് പോസ്റ്റ് മാറ്റി വെക്കൽ | 53/03.11.2022 | 28607 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. |
| KWA | 220/23 – പൊതുടാപ്പ് ഒഴിവാക്കൽ - വാട്ടർ അതോരിറ്റിക്ക് തുക നൽകൽ | 146/11.01.2023 | 200000 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല |

വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഒന്നുമില്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം ലഭിച്ചത് | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന നിർമ്മാണ പദ്ധതി | - | 17419706 | 980000 | 2147008 | - | 16252698 |

## 4-6 സ്ഥിര നിക്ഷേപം

ഒന്നുമില്ല

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ തൻവർഷം ലഭിച്ച 11353/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2020-21 | 1-11 | 300 | പ്രദീപ് | 1220101105/20.06.2022 |
| 2020-21 | 1-11 | 300 | രാജേഷ് | 1220101106/20.06.2022 |
| 2020-21 | 1-11 | 750 | ധന്യ | 1220101119/20.06.2022 |
| 2019-20 | 1-23 | 8973 | അസിസ്റ്റന്റ് എഞ്ചിനീയർ | 1220102009/25.08.2022 |
| 2019-20 | 1-23 | 500 | അസിസ്റ്റന്റ് എഞ്ചിനീയർ | 1220102024/26.08.2022 |
| 2019-20 | 1-23 | 530 | അസിസ്റ്റന്റ് എഞ്ചിനീയർ | 1220102141/31.08.2022 |
| ആകെ | | 11353 | | |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2000-01 | 3-8 | 2005-06 | 59.1 | ഖാദി സമുച്ചയം അപൂർണ്ണം | സമിതി അന്തിമ തീർപ്പ് കൽപ്പിച്ചിട്ടില്ല |
| 2007-08 | 3-4 | 2010-11 | 2-14 | കെ.എസ്.ഇ.ബി. | പരാമർശം |

| | | | | | |
|---|---|---|---|---|---|
| | | | | വിനിയോഗ സാക്ഷ്യപത്രം സംബന്ധിച്ച് | ഒഴിവാക്കുന്നതിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട് |

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഒന്നുമില്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| വിശദാംശങ്ങൾ | തുക (രൂപ) |
|---|---|
| മുന്നിരിപ്പ് | ₹14715768 |
| ഓഡിറ്റ് വർഷത്തെ വരവ് | ₹58102683 |
| ആകെ | ₹72818451 |
| ഓഡിറ്റ് വർഷത്തെ ചെലവ് | ₹51084094 |
| നീക്കിയിരിപ്പ് | ₹21734357 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 27396 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 424726 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | - | 27396 | ശ്രീമതി. അമീറുന്നീസ പിലാത്തോടൻ, അസിസ്റ്റന്റ് എഞ്ചിനീയർ |

(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17 | 1638 | ശ്രീമതി. സറീന ഐ.സി.ഡി.എസ്.സൂപ്പർവൈസർ |
| 1-25 | 293000 | ശ്രീമതി. ശശികല, ഹെഡ് മിസ്ട്രസ് |
| 1-26 | 106568 | ശ്രീമതി. ശശികല, ഹെഡ് മിസ്ട്രസ് |
| 1-32 | 23520 | ശ്രീ. അരുൺഘോഷ് .ആർ വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ |
| ആകെ. | 424726 | |

ഭാഗം 1 ലെ ഖണ്ഡികകൾ പ്രകാരം പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി. ശശികല, ഹെഡ് മിസ്ട്രസ് | ഹെഡ് മിസ്ട്രസ്, ജി.എൽ.പി.എസ്. കുലിക്കിലിയാട് | ഹരിത വീട്, അയ്യർകുളം, ശ്രീകൃഷ്ണപുരം |
| ശ്രീമതി. അമീറുന്നീസ പിലാത്തോടൻ, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, ശ്രീകൃഷ്ണപുരം ഗ്രാമപഞ്ചായത്ത്. | ചെമ്മലശേരി ഹൗസ് പെരിമ്പിടാരി പോസ്റ്റ് മണ്ണാർക്കാട് പാലക്കാട് ജില്ല. |
| ശ്രീ. അരുൺഘോഷ് .ആർ വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | അമ്പാടി ഹൗസ്, കൊട്ടുമുണ്ട(പി.ഒ),പട്ടാമ്പി |
| ശ്രീമതി. സറീന ഐ.സി.ഡി.എസ്.സൂപ്പർവൈസർ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | പനങ്ങാടൻ ഹൗസ്, പൂക്കോട്ടൂർ പി.ഓ. മലപ്പുറം |

4-11 തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിശദാംശങ്ങൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | നം.എൽ.എഫ്.പി 20/541 തീ.12.04.12 | 19 |
| 2001-02 | നം.എൽ.എഫ്.പി 20/788 തീ.25-06.11 | 03 |
| 2002-03 | നം.കെ.എസ്.എ-പി.കെ.ഡി12/1999 തീ.22.11.22 (ഓഡിറ്റ് അദാലത്ത്) | 01 |
| 2003-04 | ടി | 01 |
| 2004-05 | ടി | 03 |
| 2005-06 | നം.എൽ.എഫ്.പി 20/670 തീ.26.11.11 | 13 |
| 2006-07 | നം.എൽ.എഫ്.പി 20/874/12 തീ.21.05.12 | 01 |
| 2007-08 | നം.കെ.എസ്.എ-പി.കെ.ഡി12/1999 തീ.22.11.22 (ഓഡിറ്റ് അദാലത്ത്) | 06 |
| 2008-09 | ടി | 05 |
| 2009-10 &2010-11 | ടി | 12 |
| 2011-12 | ടി | 11 |
| 2012-13 | ടി | 02 |
| 2013-14, 2014-15 | നം.കെ.എസ്.എ-പികെഡി 20/363/ 2016 തീ. 28.06.2016 | 11 |
| 2015-16 | | 02 |
| 2017-18 | നം.കെ.എസ്.എ-പികെഡി 12/187/2019 തീ. 16.10.2019 | 13 |
| 2018-19 | നം.കെ.എസ്.എ-പി.കെ.ഡി12/1999 തീ.22.11.22 (ഓഡിറ്റ് അദാലത്ത്) | 05 |
| 2019-20 | നം.കെ.എസ്.എ-പികെഡി 12/1442/2022 തീ. 22.07.22 | 20 |
| 2020-21 | നം.കെ.എസ്.എ-പികെഡി 12/1443/2022 തീ. 22.07.22 | 14 |

| | | |
|---|---|---|
| 2021-22 | നം.കെ.എസ്.എ-പികെഡി പി 12/1443/2022 തീ. 22.07.22 | 24 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 5/1 dated 10-07-2023 and submitted on 22-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Karimpuzha Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Karimpuzha Grama Panchayat for the year 2022-2023

Date: 17/11/2023

Deputy Director
District Office Palakkad
Kerala State Audit Department

## Audit Report appended to the Audit Certificate of Karimpuzha Grama Panchayat for the Year 2022-2023.

**1.Major Observations**

1.Non Disclosure of Assets-Assets not classified and valuated and accounted-Asset Register has not updated

2.2021-22 Closing Balance doesnot match with 2022-23 Opening Balnce

**2.Other Observations**

1.Ratios not submitted as part of Annual Finance Statement of 2022-23

2.cash flow statement- Net increase/decrease in cashflow doesnot match with the difference between the opening balance and closing balance of cash and cash equivalents

3.Directly credited by bank , but amount not taken into account

4.Cheque deposited, but is not seen credited even after a month

5.Demand register does not match with Financial Statements

6.Credit balance in bank account

7.Non disclosure of bank accounts - KERALA GRAMIN BANK (40646101040713), Canara bank (1100432152

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പാലക്കാട് ജില്ലയിലെ കരിമ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം 3

## വാർഷിക കണക്കിന്റെ സംക്ഷിപ്ത പത്രികകൾ

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| BALANCE SHEET | | | |
| As on 31-03-2023 | | | |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | -5551677.00 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 77990.00 |
| 312000000 | Reserves | B-3 | 120274919.00 |
| | Total Reserve & Surplus | | 114801232.00 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 14961894.00 |
| | Total Grants, Contributions for Specific Purposes | | 14961894.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 16252698.00 |
| 331000000 | Unsecured Loans | B-6 | 0.0 |
| | Total Loans | | 16252698.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 328132.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 1650087.00 |
| 360000000 | Provisions | B-10 | 0.0 |
| | Total Current Liabilities and Provisions | | 1978219.00 |
| | TOTAL LIABILITIES | | 147994043.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 824521.00 |
| 412000000 | Capital Work in Progress | B-11(b) | 700000.00 |
| 413000000 | Annual Plan - Capital Expences (Productive Sector) | B11-(c) | 0.0 |
| 414000000 | Annual Plan - Capital Expences (Service Sector) | B11-(d) | 26601964.00 |

| | | | |
|---|---|---|---|
| 415000000 | Annual Plan - Capital Expences (Infrastructure Sector) | B11-(e) | 115270215.00 |
| 416000000 | Accumulated Depreciation | B-11(a) | -52300194.00 |
| | Total Fixed Assets | | 91096506.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 0.0 |
| 421000000 | Investments - Other Funds / Sundry Debtors | B-13 | 0.0 |
| | Total Investments | | 0.0 |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 16991260.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 16252698.00 |
| 450000000 | Cash and Bank Balance | B-17 | 21734357.00 |
| 460000000 | Loans, Advances and Deposits | B-18 | 1919222.00 |
| 461000000 | Accumulated Provisions against Loans,Advances and Deposits | B-18(a) | 0.0 |
| | Total Current Assets, Loans and Advances | | 56897537.00 |
| | Other Assets | | |
| 470000000 | Other Assets | B-19 | 0.0 |
| | Total Other Assets | | 0.0 |
| | Miscellaneous Expenditure (To the Extent not written off) | | |
| 480000000 | Miscellaneous Expenditure to be written off | B-20 | 0.0 |
| | Total Miscellaneous Expenditure (To the Extent not written off) | | 0.0 |
| | TOTAL ASSETS | | 147994043.00 |

| INCOME & EXPENDITURE STATEMENT |
|---|
| For the period from 01-April-2022 to 31-March-2023 |

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | INCOME | | |
| 110000000 | Tax Revenue | I-1 | 5994261.00 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | I-2 | 0.0 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 0.0 |
| 140000000 | Fee & User Charges | I-4 | 738516.00 |
| 150000000 | Sale & Hire Charges | I-5 | 754870.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 167859377.00 |
| 170000000 | Income from Investments | I-7 | 0.0 |
| 171000000 | Interest Earned | I-8 | 178071.00 |
| 180000000 | Other Income | I-9 | 86396.00 |
| 190000000 | Prior Period Income | I-19 | -141731.00 |
| | Total Income | | 175611491.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10 | 11458566.00 |
| 220000000 | Administrative Expenses | I-11 | 1723899.00 |
| 230000000 | Operations & Maintenance | I-12 | 2769444.00 |
| 240000000 | Interest & Finance Charges | I-13 | 18.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 6825962.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(A) | 33224708.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(B) | 8047625.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(C) | 46907428.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized | I-14(D) | 63006340.00 |

| | | | |
|---|---|---|---|
| | Plan Programme) | | |
| 255000000 | Maintenance Projects | I-14(E) | 0.0 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-14(F) | 1851922.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 0.0 |
| 270000000 | Provisions and Write off | I-16 | 0.0 |
| 271000000 | Miscellaneous Expenses on Disposal of Assets and Investments | I-17 | 0.0 |
| 272000000 | Depreciation | I-17(A) | 10121635.00 |
| | Total Expenditure | | 185937547.00 |
| | Gross Surplus / Deficit of income over Expenditure | | -10326056.00 |
| | Gross Surplus / Deficit of income over Expenditure | | -9855161.00 |
| 290000000 | Transfer to Reserve Funds/Prior Period Item(ILGMS) | I-18 | 612626.00 |
| | Net Balance being surplus/ deficit carried over to Balance Sheet (Panchayat Fund) | | 470895.00 |

| RECEIPT & PAYMENT STATEMENT | | | |
|---|---|---|---|
| 01-April-2022 to 31-March-2023 | | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 14586880.00 |
| Cash | Cash | RP-40(a) | 128888.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 925900.00 |
| 140000000 | Fees & User Charges | RP-4 | 572848.00 |
| 150000000 | Sale & Hire Charges | RP-5 | 754870.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 16077000.00 |

| | | | |
|---|---|---|---|
| 171000000 | Interest Earned | RP-9 | 178071.00 |
| 190000000 | Prior Period Income | RP-11 | 12950.00 |
| 210000000 | Establishment Expenses | RP-12 | 999.00 |
| 220000000 | Administrative Expenses | RP-13 | 0.0 |
| 290000000 | Transfer to Reserve Funds / Prior Period Item(ILGMS) | RP-25 | 334948.00 |
| 311000000 | Earmarked Funds | RP-28 | 2272.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 16881623.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 20377582.00 |
| 460000000 | Loans, Advances and Deposits | RP-49 | 24115.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 57778.00 |
| 330000000 | Secured Loans | RP-31 | 980000.00 |
| 340000000 | Deposits Received | RP-33 | 253095.00 |
| 350000000 | Other Liabilities | RP-35 | 668632.00 |
| | Grand total | | 72818451.00 |
| | PAYMENTS | | |
| | Operating | | |
| 220000000 | Administrative Expenses | RP-13 | 38080.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 21227.00 |
| 415000000 | Annual plan - Capital Expences(Infrastructure Sector) | RP-42 | 179350.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 15747113.00 |
| 460000000 | Loans, Advances and Deposits | RP-49 | 1263660.00 |
| | Non Operating | | |
| 340000000 | Deposits Received | RP-33 | 161521.00 |
| 350000000 | Other Liabilities | RP-35 | 33673143.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 21734357.00 |
| Cash | Cash | RP-40(b) | 0.0 |
| | Grand Total | | 72818451.00 |

DEPUTY DIRECTOR